©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# EDUCATION

## ആനുകാലിക റിപ്പോർട്ട്
(2023 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 ആഗസ്റ്റ് 10-ാം തീയതി സമർപ്പിച്ചത്
(Presented on 10th August, 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# EDUCATION

**ആനുകാലിക റിപ്പോർട്ട്**
(2023 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

828/2023.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 21 |

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധന സാംസ്കാരിക യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2021 ജൂൺ 7-ന് രൂപീകൃതമായ 2021-2023 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 6 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും, 2 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും, 2 യോഗങ്ങൾ കരട് റിപ്പോർട്ടുകൾ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനുമായി വിനിയോഗിച്ചു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർ നില ശരാശരി 66 % ആയിരുന്നു.

ഏഴ് അധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

അധ്യായം I — സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

അധ്യായം II — സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ.

അധ്യായം III — സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ എന്നിവയുടെ വിശദാംശങ്ങൾ.

അധ്യായം IV — നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

അധ്യായം V — നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

അധ്യായം VI —

(a) 2022-23 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തേത് ആദ്യം എന്ന കണക്കിൽ.

അധ്യായംVII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2023 ജൂലൈ 31-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,

തിരുവനന്തപുരം,
2023, ആഗസ്റ്റ് 10.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

# റിപ്പോർട്ട്

## അദ്ധ്യായം 1

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ചുവടെ ചേർക്കുന്ന പ്രകാരം 7 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23) 27-4-2022-ൽ സമിതിയോഗം അംഗീകരിക്കുകയും 27-6-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 7-7-2022-ലെ സമിതിയോഗം അംഗീകരിക്കുകയും 12-7-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 7-7-2022-ലെ സമിതി യോഗം അംഗീകരിക്കുകയും 12-7-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 24-8-2022-ലെ സമിതി യോഗം അംഗീകരിക്കുകയും 29-8-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 7-12-2022-ലെ സമിതി യോഗം അംഗീകരിക്കുകയും 8-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 7-12-2022-ലെ സമിതി യോഗം അംഗീകരിക്കുകയും 8-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

7. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2023-2024) 21-2-2023-ൽ സമിതിയോഗം അംഗീകരിക്കുകയും 27-2-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 24-8-2022-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-8-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനായി 7-12-2022-ൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII എന്നിവയുമായി സംയുക്തയോഗം ചേരുകയും പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനായി 7-12-2022-ൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തയോഗം ചേരുകയും പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ ഇവ പരിഗണിക്കുന്നതിനായി സമിതി യോഗം ചേർന്നില്ല.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235 എ പ്രകാരം 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ യോഗം ചേർന്നില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(ധനാഭ്യർത്ഥന XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2021-22 | XVII | പൊതുഭരണ (സർവ്വീസസ്) വകുപ്പ് | 28-6-2022 |
| 2 | 2020-21 | XVII | പൊതുവിദ്യാഭ്യാസ വകുപ്പ് | 28-6-2022 |
| 3 | 2021-22 | XVII | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സെന്റർഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്) | 20-7-2022 |
| 4 | 2016-17 | XVII | സാംസ്കാരികകാര്യ വകുപ്പ് | 20-07-2022 |
| 5 | 2019-20 | XVII | കായികയുവജനകാര്യ വകുപ്പ് | 1-9-2022 |

## അദ്ധ്യായം VI

a) 2022-23 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| റിപ്പോർട്ട് | ആകെ ശിപാർശകൾ | മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും | മറുപടി ലഭിക്കാനുള്ള ഖണ്ഡികകൾ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23) [ഫയൽ നമ്പർ12982/ സബ്സിഇ 1/ 2022/ നി.സെ.] | 145 | 1-26, 145 (പൊതുവിദ്യാഭ്യാസ വകുപ്പ്) | ഇല്ല | പൊതുവിദ്യാഭ്യാസ വകുപ്പ് |
| | | 27-34, 42, 44, 48, 49, 50-54, 58, 59, 60-64, 67-71, 72-104, 109, 114-120 (ഉന്നതവിദ്യാഭ്യാസ വകുപ്പ്) | 35-41, 43, 45-47, 55-57, 65, 66, 145 | ഉന്നതവിദ്യാഭ്യാസ വകുപ്പ് |
| | | 71 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | ഇല്ല | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് |
| | | 72-120 (സാംസ്കാരികകാര്യ വകുപ്പ്) | ഇല്ല | സാംസ്കാരികകാര്യ വകുപ്പ് |
| | | | 121-130 | കായികയുവജനകാര്യ വകുപ്പ് |
| | | | 131-144 | പൊതുമരാമത്ത് വകുപ്പ് |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)

(ഫയൽ നമ്പർ 1806/സബ്.സി.ഇ 1/2020/നിസെ.)

ശിപാർശ (ഖണ്ഡിക നമ്പർ1)

2202-01-101-99-01-4—ലോവർ പ്രൈമറി സ്കൂളുകൾ-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 18871 ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 2)

2202-01-102-99-01-4-ടീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 66006 ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 23,27,045/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 3)

2202-01-102-93- പി.റ്റി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

പി.റ്റി.എ.-യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും സർക്കാർ ഉത്തരവ് (എംഎസ്.) 385/2012/ പൊ.വി.വ. തീയതി 7-12-2012 പ്രകാരം സഹായധനം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 9,09,73,000/- രൂപ പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായത്തിനായി ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 4)

2202-01-111-96-(03)—സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടറേറ്റ് സമഗ്രശിക്ഷ അഭിയാന് സംസ്ഥാനത്തിന്റെ അധികസഹായം

കേരളത്തിലെ സമഗ്ര ശിക്ഷയുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകൾക്കായി 15 വർഷം മുൻപ് നിർമ്മിച്ച കെട്ടിടങ്ങളുടെ നവീകരണത്തിന് ഒരു ബി.ആർ.സിയ്ക്ക് 5 ലക്ഷം രൂപ ക്രമത്തിൽ നൽകുന്നതിന് 8.40 കോടി രൂപയും സമഗ്രശിക്ഷയുടെ 50 ഓട്ടിസം സെന്ററുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരണത്തിനും ഒരു സെന്ററിന് 3 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് 1.50 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 5)</u>

2202-01-112-93-04-1—<u>പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം - യാത്രാചെലവുകൾ - യാത്രാബത്ത</u>

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന 182 ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 1,14,992 രൂപ സർക്കാരിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 6)</u>

2202-01-191-50—<u>കോർപ്പറേഷനുകൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുകളിലെ പ്രൈമറി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി അധിക ധനാഭ്യർത്ഥന മുഖേന 38,11,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 7)

2202-01-192-50—മുൻസിപ്പാലിറ്റികൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

മുൻസിപ്പാലിറ്റി മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.542 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ മുൻസിപ്പാലിറ്റികളിലെ പ്രൈമറി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി അധിക ധനാഭ്യർത്ഥന മുഖേന 73,47,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 8)

2202-01-196-50—ജില്ലാ പഞ്ചായത്തിനുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ജില്ലാപഞ്ചായത്തുകളിലെ പ്രൈമറി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി അധിക ധനാഭ്യർത്ഥന മുഖേന 38,18,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 9)

2202-01-198-50—വില്ലേജ് പഞ്ചായത്തിനുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളിലെ പ്രൈമറി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി അധിക ധനാഭ്യർത്ഥന മുഖേന 3,13,68,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 10)

2202-02-001-92-01-4—ഹയർ സെക്കന്ററി എഡ്യൂക്കേഷണൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി അധിക ധനാഭ്യർത്ഥന മുഖേന 1,70,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 11 )

2202-02-105-95—ഫാക്കൽറ്റി വിദ്യാഭ്യാസം ഉൾപ്പെടുന്ന വിദ്യാഭ്യാസ പരിപാടി

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് അദ്ധ്യാപക ശാക്തീകരണ പരിശീലന പരിപാടികൾ

നടത്തുന്നതിനുള്ള എച്ച്.എസ്. എസ്.റ്റി.പി. ഡോക്ടറേറ്റ് നേടിയിട്ടുള്ള ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമുള്ള ടീച്ചേഴ്സ് കോൺഗ്രസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ടീച്ചേഴ്സ് കോൺഗ്രസ് എന്ന പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 12)</u>

2202-02-109-99-01-4—<u>സെക്കന്ററി സ്കൂളുകൾ - ശമ്പളം - മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്</u>

2202-02-109-99-04-1—<u>യാത്രാ ചെലവുകൾ - യാത്രാബത്ത</u>

സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കന്ററി സ്കൂളുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത കുടിശ്ശിക എന്നിവ നൽകുന്നതിന് ഈ ശീർഷകങ്ങളിൽ 10 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2202-02-109-99-01-4—ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്-2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 22,32,526 രൂപ സർക്കാരിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

2202-02-109-99-04-1—യാത്രാചെലവുകൾ-യാത്രാബത്ത-2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായുണ്ടായിരുന്ന 27,61,452/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 13)

2202-02-109-86-01-4—ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (പ്ലസ് ടു കോഴ്സ്) - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി അധിക ധനാഭ്യർത്ഥന മുഖേന 38,28,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 14)

2202-02-109-74—ഹയർ സെക്കന്ററി വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

ഇന്ത്യയിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന 'ദിശ' പദ്ധതി പ്രകാരം ഹയർസ്റ്റഡീസ് എക്സ്പോയും സെമിനാറും ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്നതിനും ഹയർ സെക്കന്ററി സ്കൂളുകളിൽ സൗഹൃദ പദ്ധതി വഴി ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് ഫസ്റ്റ് എയ്ഡിൽ പരിശീലനം നൽകുന്നതിനും ഹയർ സെക്കന്ററി സ്കൂളുകളിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ നടത്തുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് പ്രാഥമിക പരിശീലനം നൽകുന്നതിന് 'സ്കൈൽ', 'സിത്താര്' പദ്ധതികൾ കൂടുതൽ വിദ്യാർത്ഥികൾക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതി വെർച്വൽ ഫോമിലൂടെ നടത്തിയതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ തുക അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 15)

2202-02-110-94—എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്

എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളുടെ ടീച്ചിംഗ് ഗ്രാന്റിനായി അധിക ധനാഭ്യർത്ഥന മുഖേന 7,33,000/- രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 16)

2202-02-191-50—മുൻസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

കോർപ്പറേഷനുകളിലെ സെക്കന്ററി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുകളിലെ സെക്കന്ററി സ്കൂളുകളിൽ അധിക ധനാഭ്യർത്ഥന മുഖേന 15,65,000/- രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 17)

2202-02-192-50—മുൻസിപ്പാലിറ്റികൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

മുൻസിപ്പാലിറ്റികളിലെ സെക്കന്ററി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 55.42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ മുൻസിപ്പാലിറ്റികളിലെ സെക്കന്ററി സ്കൂളുകളിൽ സ്കോളർഷിപ്പ് നൽകുന്നതിനായി അധിക ധനാഭ്യർത്ഥന മുഖേന 63,06,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 18)</u>

2202-02-196-50- <u>ജില്ലാ പഞ്ചായത്തിനുള്ള സഹായം റവന്യു ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

സെക്കന്ററി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണത്തിനായും ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് സെക്കന്ററി വിഭാഗത്തിൽ ദേശീയ സ്കോളർഷിപ്പ് നൽകുന്നതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.72 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്തിലെ സെക്കന്ററി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി അധിക ധനാഭ്യർത്ഥന മുഖേന 2,26,87,000 രൂപ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 19)</u>

2202-04-103-98—<u>കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി (എൽ.ഇ.എ.പി. കേരള മിഷൻ)</u>

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ പ്രേരക് ഓണറേറിയം വിതരണം ചെയ്യുന്നതിനായി പദ്ധതിയിനത്തിൽ 9.50074 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 20)

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് - സഹായധനം - ശമ്പളേതരം

നൈതികം-ലിംഗനീതി, ഭരണഘടന മൂല്യങ്ങൾ, അവകാശങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് കുട്ടികളിൽ അവബോധം വികസിപ്പിക്കുന്നതിനും നേതൃത്വക്യാമ്പ് സംഘടിപ്പിക്കുന്നതിനും, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ഇൻഡക്ഷൻ ട്രയിനിംഗ് നൽകുന്നതിനായും കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ശ്രുതിപാഠം പദ്ധതി വികസിപ്പിക്കുന്നതിനായും പദ്ധതി ഇനത്തിൽ 2.5 കോടി രൂപയും 2008-09 മുതൽ ശമ്പളയിനത്തിലും ശമ്പളേതരയിനത്തിനും എസ്.സി.ഇ.ആർ.ടി-ക്ക് തുക അനുവദിക്കാത്തതിനാലും ഈ ഇനങ്ങളിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നതെന്നതിനാലും എസ്.സി.ഇ.ആർ.ടി ജീവനക്കാരുടെ 2020-21 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി പദ്ധതിയേതരയിനത്തിൽ 8.5 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 21)

2202-80-004-89-36- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്.ഐ.ഇ.എം.എ.റ്റി) - കേരള - സഹായധനം - ശമ്പളേതരം

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർ, പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് വിദ്യാഭ്യാസ മാനേജ്മെന്റിലും ആസൂത്രണത്തിലുള്ള പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 22)</u>

4202-01-202-91—<u>അടിസ്ഥാന സൗകര്യ വികസനം</u>

ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ ക്ലാസ് മുറികൾ, ലബോറട്ടറി, ലൈബ്രറി കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് നിരവധി സ്കൂളുകളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ളതിനാൽ ആയതിന് പദ്ധതിയിനത്തിൽ 29 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 39.77 കോടി രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 23)</u>

2235-02-102-93-35- <u>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്-റീജിയണൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി പദ്ധതിയിനത്തിൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

[സർക്കാർ കത്ത് നം. 298/പി2/2021/പൊ.വി.വ., തീയതി 14-6-2022; 2-11-2022-ലെ സമിതി യോഗം അംഗീകരിച്ചു; കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 61)</u>

2203-00-800-91-36—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം - ധനസഹായം - സഹായ ധനം - ശമ്പളേതരം</u>

സി-ആപ്റ്റിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് ഒരു പുതിയ ഫോർകളർ ഷീറ്റ്ഫെഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും, ഹെഡ് ഓഫീസിൽ വനിതകൾക്കായി ഒരു ബൈന്ററി യൂണിറ്റ് സ്ഥാപിക്കുന്നതിനും, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടിമീഡിയ ട്രെയിനിംഗ് ആരംഭിക്കുന്നതിനും പദ്ധതിയിനത്തിൽ 3.92 കോടി രൂപയും സെന്ററിൽ നിന്നും പിരിച്ചുവിടപ്പെട്ടതും പിരിഞ്ഞു പോയതുമായ ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സി-ആപ്റ്റിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലഭ്യമായ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഹെഡ് ഓഫീസ് കോംപ്ലക്സിൽ വനിതകൾക്കായി ഒരു വിമൻസ് ബൈന്ററി യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു മൾട്ടിമീഡിയ ട്രെയിനിംഗ് യൂണിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി

2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള മെഷീനറികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

കോവിഡുമായി ബന്ധപ്പെട്ട് സ്വദേശത്തും വിദേശത്തുമുള്ള പല കമ്പനികളും ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്തതിനാൽ മെഷീനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങൾ സ്വരൂപിക്കാൻ സി-ആപ്റ്റിന് കഴിയാത്തതുകൊണ്ട് പദ്ധതിയിനത്തിൽ 3.92 കോടി രൂപ ഉപയോഗിച്ച് അത്യാധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സി- ആപ്റ്റിൽ നിന്നും സർക്കാരിൽ സമർപ്പിക്കുകയോ സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

സി-ആപ്റ്റിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക സി-ആപ്റ്റിൽ നിന്നുതന്നെ വഹിക്കേണ്ടതാണെന്നും ടി വിഷയം സി-ആപ്റ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ച് ഉചിതമായ തീരുമാനമെടുക്കുവാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ നോൺ പ്ലാൻ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ : കെ3/161/2020/HEDN, തീയതി 24-6-2022; 2-11-2022-ലെ സമിതി യോഗം അംഗീകരിച്ചു; കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 66)</u>

4202-01-201-99—<u>പ്രാഥമിക വിദ്യാഭ്യാസം - കെട്ടിടങ്ങൾ</u>

11 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും 15,54,509 രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 67)

4202-01-202-99—സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 52.494 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും 55.74 കോടി രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 68)

4202-01-202-93- അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം

274 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും 70.23 കോടി രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവഴിച്ച തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 69)

4202-01-202-92—വൊക്കേഷണൽ ഹയർ സെക്കന്ററി - വിദ്യാഭ്യാസം

29 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും ചെലവഴിച്ച തുകയായ 6.19 കോടി രൂപ ബജറ്റ് വിഹിതത്തിൽ നിന്നും ആയതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുക അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 70)

4202-01-202-91—അടിസ്ഥാന സൗകര്യ വികസനങ്ങൾ

109 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 39.77 കോടി രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 71)

4202-01-202-90—അടിസ്ഥാന സൗകര്യം-ഹയർ സെക്കന്ററി വിദ്യാഭ്യാസം (ആർ.ഐ.ഡി.എഫ്.)

7 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും 2.79 കോടി രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ72)

4202-01-202-86—സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കുവേണ്ടിയുള്ള ബഹുനില കെട്ടിട നിർമ്മാണം

4 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും 3.09 കോടി രൂപ ചെലവഴിക്കുകയുണ്ടായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 298/പി1/2021/പൊ.വി.വ., തീയതി 14-6-2022; 2-11-2022-ലെ സമിതി യോഗം അംഗീകരിച്ചു; കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

## <u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ചിട്ടില്ല.

**വി. ശിവൻകുട്ടി,**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2023, ജൂലൈ 31.

## അനുബന്ധം

## 1. 4-4-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2022 ഏപ്രിൽ 4-ാം തീയതി, തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എം. എസ്. അരുൺകുമാർ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. കെ. എം. സച്ചിൻദേവ്.

വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തവർ :

1. ശ്രീ. സജി ചെറിയാൻ, എക്സ് ഒഫീഷ്യോ അംഗവും മത്സ്യബന്ധന-സാംസ്കാരിക കാര്യ-യുവജനക്ഷേമവും വകുപ്പുമന്ത്രി.
2. ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
2. ശ്രീ. ഫെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ്.

4. ശ്രീ. കെ. നന്ദകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

5. ശ്രീ. അജയൻ സി., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

6. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

7. ശ്രീ. ജീവൻ ബാബു കെ., ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്.

8. ഡോ. ജയപ്രകാശ് ആർ. കെ., ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (SCERT).

9. ശ്രീമതി വിഘ്നേശ്വരി, ഡയറക്ടർ, കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്.

10. ശ്രീ. മുരുകൻ കാട്ടാക്കട, ഡയറക്ടർ, മലയാളം മിഷൻ.

11. ഡോ. പി. സുരേഷ് കുമാർ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD).

12. ഡോ. ബൈജുബായ് ടി. പി., ഡയറക്ടർ (ഇൻ-ചാർജ്ജ്), ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്.

13. കേണൽ എസ്. ഫ്രാൻസിസ്, ഡയറക്ടർ, എൻ.സി.സി. ഡയറക്ടറേറ്റ്, കേരള.

14. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

15. ശ്രീ. അൻവർ ഹുസൈൻ എൽ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇൻ-ചാർജ്ജ്), അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), തിരുവനന്തപുരം.

16. ശ്രീ. പ്രമോദ് വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി, CLAD & സെക്രട്ടറി (ഇൻ-ചാർജ്ജ്), കേരളാ സ്റ്റേറ്റ് ബുക്ക് മാർക്ക്.

17. ശ്രീമതി സീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്.

18. ഡോ. കെ. എസ്. അനിൽകുമാർ, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി.

19. ശ്രീ. എ. പ്രവീൺ, രജിസ്ട്രാർ, എ. പി. ജെ. അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല.

20. ശ്രീമതി വനജ പി. എസ്., രജിസ്ട്രാർ, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

21. ശ്രീമതി പി. എസ്. ശ്രീകല, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

22. ഡോ. എ. ആർ. രാജൻ, ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.

23. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, സി. ഡി. എസ്.

24. ശ്രീ. ആർ. മഹാദേവൻ, ഫിനാൻസ് ഓഫീസർ, കേരള സർവ്വകലാശാല.

25. ശ്രീ. സജീവ്കുമാർ എൽ. ആർ., ഫിനാൻസ് ഓഫീസർ, എൽ.ബി.എസ്. സെന്റർ.

26. ശ്രീമതി അജിത കെ., ഫിനാൻസ് ഓഫീസർ, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

27. ശ്രീ. അനൂപ് പി., ജനറൽ കോർഡിനേറ്റർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), തിരുവനന്തപുരം.

28. ഡോ. പി. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്).

<u>വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജയപ്രകാശ്, ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്.

2. ശ്രീ. ശങ്കർ മോഹൻ, ഡയറക്ടർ, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്.

3. ഡോ. ബിന്ദു നമ്പ്യാർ, പ്രിൻസിപ്പൽ, ഗവൺമെന്റ് ലാ കോളേജ്, എറണാകുളം.

4. ഡോ. ആർ. ബിജുകുമാർ, പ്രിൻസിപ്പൽ, ഗവൺമെന്റ് ലാ കോളേജ്, തിരുവനന്തപുരം.

5. ശ്രീ. കുമാരൻ സി. വി., പ്രിൻസിപ്പൽ (ഇൻ-ചാർജ്ജ്), ഗവൺമെന്റ് ലാ കോളേജ്, കോഴിക്കോട്.

6. ശ്രീ. എം. ആർ. ഉണ്ണി, രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവ്വകലാശാല, കോട്ടയം.

7. ഡോ. വി. ആർ. ജയദേവൻ, പ്രിൻസിപ്പൽ, ഗവൺമെന്റ് ലാ കോളേജ്, തൃശ്ശൂർ.

8. ഡോ. ഷൈയാജൻ ഡി., രജിസ്ട്രാർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല.

9. ശ്രീ. മഹാദേവ് എം. ജി., രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS).

10. ഡോ. ഗോപാലകൃഷ്ണൻ എം. ബി., രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

11. ശ്രീ. വി. കെ. മധു, സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ.

12. ശ്രീ. രാജേഷ് കെ. പി., ഫിനാൻസ് ഓഫീസർ, കോഴിക്കോട് സർവ്വകലാശാല.

13. ശ്രീ. ശിവപ്പ പി., ഫിനാൻസ് ഓഫീസൗർ, കണ്ണൂർ സർവ്വകലാശാല.

14. ശ്രീ. സുധീർ എം., ഫിനാൻസ് ഓഫീസർ, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽവരുന്ന പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-102-99-01-4—<u>ഗവൺമെന്റേതരപ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

5849 എയ്ഡഡ് പ്രൈമറി സ്കൂൾ അധ്യാപകരുൾപ്പെടെ 66006 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-93-02-4—<u>പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം-വേതനം-കൺസോളിഡേറ്റഡ് പേ</u>

പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.1645 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-104-99—പരിശോധന

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ മുൻ വർഷങ്ങളിലെ വൈദ്യുതി ചാർജ് കുടിശ്ശിക, വാടകയിനത്തിലുള്ള കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21.95033 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-96-03—സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടറേറ്റ് - സമഗ്ര ശിക്ഷ അഭിയാൻ സംസ്ഥാനത്തിന്റെ അധിക സഹായം

2686 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 20,000 രൂപ ക്രമത്തിൽ ശമ്പളം നൽകുന്നതിനായും ബ്ലോക്ക് റിസോഴ്സ് സെന്ററുകളുടെ നവീകരണത്തിനായും സമഗ്രശിക്ഷയുടെ 50 ഓട്ടിസം സെന്ററുകളിൽ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 36.76 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90 -01—ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം

ഭക്ഷ്യവിതരണ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള കുടിശ്ശിക, കടത്തുകൂലി കുടിശ്ശിക, കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് എന്നിവ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 174.34 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90-02– ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

ഭക്ഷ്യവിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള കുടിശ്ശിക, കടത്തുകൂലി കുടിശ്ശിക, കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് എന്നിവ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്ത മായതിനാൽ പദ്ധതിയിനത്തിൽ 112.04 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 3.3925 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

മുനിസിപ്പാലിറ്റി മുഖാന്തരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 49.52034 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 11.09369 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ഗ്രാമപഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ മുൻ വർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 1.5114496 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-99-06—ഭരണവും നടത്തിപ്പും-ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ-വാടക-കരം-നികുതി

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വസതിയുടെ വാടകയുമായി ബന്ധപ്പെട്ട് പ്രതിമാസം 16000 രൂപ നിരക്കിൽ മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1.12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ 1155 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചെലവ്, മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണിയും, വാഹനത്തിന്റെ ഇന്ധന ചെലവ് എന്നിവയുടെ കുടിശ്ശിക തുക നൽകുന്നതിനായി 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-85-01-സ്കൂൾ വിദ്യാഭ്യാസം - നവീകരണം

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പണി പൂർത്തിയായ കെട്ടിടത്തിലെ ഇന്റീരിയർ വർക്കുകൾക്കുവേണ്ടി യു.എൽ.സി.സി.എസ്. എന്ന സ്ഥാപനത്തിന് അനുവദിക്കാനുള്ള ഫണ്ട് നൽകുന്നതിലേക്കായും കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസ് നവീകരണത്തിനായും കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിലേക്കായും നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 13.90 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-101-99—പരിശോധന - ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

01-4—ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

05-2-ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക തുകയും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-106-99– പാഠപുസ്തകങ്ങൾ-പാഠപുസ്തക പ്രസിദ്ധീകരണം

പാഠപുസ്തക ഓഫീസിലെ മുൻവർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-108-99-പരീക്ഷകൾ - പരീക്ഷാ വിഭാഗം

പരീക്ഷാ വിഭാഗത്തിലെ 131 ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധിയാത്രാ ആനുകൂല്യം, വാട്ടർ ചാർജ്ജ്, ഇന്ധന ചെലവ് കുടിശ്ശിക എന്നിവ തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.2559 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-99-04-4—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ-യാത്രാച്ചെലവുകൾ- അവധി യാത്രാനുകൂല്യം

സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ 24191 ജീവനക്കാരുടെ മുൻവർഷങ്ങളിലെ അവധിയാത്രാ ആനുകൂല്യം ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-74—ഹയർ സെക്കണ്ടറി വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

കരിയർ ഗൈഡുമാർക്കും സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും റെസിഡൻഷ്യൽ പരിശീലനം നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-71—അക്കാദമിക് എക്സലൻസ്

സംസ്ഥാനത്തെ സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പ് വരുത്തുന്നതിനും അധ്യാപക പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും സബ് ജില്ലാ/സംസ്ഥാനതല ശാസ്ത്രോത്സവം ഉൾപ്പെടെയുള്ള ക്ലബ്തല പ്രവർത്തനങ്ങൾക്കും സംസ്കൃത സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിലേക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 79.30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഭാഗമായി എം.ജി.എൽ.സി.-കൾക്കുള്ള ഓണറേറിയം, ഏൺഡ് ലീവ് സറണ്ടർ, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കായും ദേശീയ/സംസ്ഥാന സ്കൂൾ സ്പോർട്സ് ജേതാക്കൾക്കുള്ള പെയ്ഡ് മണി എന്നിവയ്ക്കായുമുള്ള നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.6350666 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യം

സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 150 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള സഹായം</u>

ജില്ലാ/ഉപജില്ലാ സ്പോർട്സ് മീറ്റുകൾ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ എന്നിവ നടത്തുന്നതിനായും സംസ്ഥാനതല സ്കൂൾ കായിക മേളയുടെ നടത്തിപ്പിനായി സ്പോർട്സ് സെക്ഷനിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.46 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-191-50—<u>മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

കോർപ്പറേഷൻ മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.70851 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

മുനിസിപ്പാലിറ്റികൾ മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 71.33926 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-196-50—<u>ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ജില്ലാ പഞ്ചായത്തുകൾ മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6323387 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-004-91-36—<u>ഗവേഷണം-സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) - സഹായധനം - ശമ്പളേതരം</u>

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ, അദ്ധ്യാപക സഹായികൾ, ഡിജിറ്റൽ വിഭവങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ

അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും വിവിധ ജില്ലകളിലായി അന്തർദേശീയ-ദേശീയ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാറുകൾ സംഘടിപ്പിക്കൽ, ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നാഷണൽ സെമിനാർ, അദ്ധ്യാപക ശാക്തീകരണം എന്നീ പരിപാടികൾക്കായി പദ്ധതിയിനത്തിൽ 2.70 കോടി രൂപയും എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ 2022-23 വർഷത്തെ ശമ്പളം, ടി. എ., ഓഫീസ് ചെലവുകൾ, വാടക, നികുതി എന്നീ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

2202-03-102-99-31—സർവ്വകലാശാലകൾക്കുള്ള സഹായം - കേരള സർവ്വകലാശാല - സഹായധനം - ശമ്പളം

ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവ മൂലമുള്ള പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 46.32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

31—സഹായധനം - ശമ്പളം

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണപ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60.583 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

പദ്ധതി നടത്തിപ്പിനായി യൂണിവേഴ്സിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നെടുത്ത രൂപ തിരിച്ചടയ്ക്കുന്നതിനും നാക് (NAAC) അക്രെഡിറ്റേഷന് മുന്നോടിയായുള്ള വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്ത മല്ലാത്തതിനാൽ 16.6407626 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-97—<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠന വകുപ്പുകളുടെ അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 132.4628 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-93—<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണം- സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും അദ്ധ്യാപകരുടെ ക്വാർട്ടേഴ്സ്, കുട്ടികളുടെ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണിച്ചറുകൾ, ഓഫീസ് ഓട്ടോമേഷൻ പൂർത്തീകരണം എന്നിവയ്ക്കായും പദ്ധതിയിനത്തിൽ 2.47 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 55.9851 കോടി രൂപയും പി.എഫ്., പെൻഷൻ ഫണ്ട് എന്നിവയിൽ നിക്ഷേപിക്കുവാൻ കഴിയാതെ പോയ മുൻബാധ്യതയായ 43.4126 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 113.6026 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല ധനസഹായം</u>

31—<u>സഹായധനം - ശമ്പളം</u>

അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക ജീവനക്കാരുടെ ശമ്പള ഇനത്തിലുള്ള കുടിശ്ശിക തുക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 32.524 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-77—<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)-സഹായധനം - ശമ്പളേതരം</u>

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 12.03 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-72—<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

31—<u>സഹായധനം - ശമ്പളം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ക്യാമ്പസിന്റെ വികസന പ്രവർത്തനങ്ങൾക്കായും ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹന വാടക, ഇന്ധനം, യാത്രാബത്ത, വൈദ്യുതി, ടെലിഫോൺ, മീറ്റിംഗ് ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.90 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 12.8174 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-99—<u>ആർട്സ് ആന്റ് സയൻസ് കോളേജുകൾ</u>

05-1—<u>ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

പുതിയ കോളേജുകൾ നിലവിൽ വന്ന സാഹചര്യത്തിനനുസൃതമായി വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-2—<u>ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

പുതിയ കോളേജുകൾ നിലവിൽ വന്ന സാഹചര്യത്തിനനുസൃതമായി വർദ്ധിച്ച വൈദ്യുതി ചെലവ് ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-92—<u>തിരുവനന്തപുരം ലോ കോളേജ്</u>

01 - 1—<u>ശമ്പളം</u>

05 - 1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

05 - 3—<u>ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവുകൾ</u>

തിരുവനന്തപുരം ലോ കോളേജ് ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ശമ്പള

ഇനത്തിൽ 7.6 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 50,000 രൂപയും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-90—എറണാകുളം ലോ കോളേജ്

01 -1—ശമ്പളം

അദ്ധ്യാപകരുടെ പേ റിവിഷൻ അരിയർ ബില്ലുകൾ മാറി നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.4773 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01 - 4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 62,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-89—കോഴിക്കോട് ലോ കോളേജ്

02 - 2—വേതനം - ക്ഷാമബത്ത

04 - 4—യാത്രാച്ചെലവുകൾ - അവധിയാത്രാനുകൂല്യം

05 - 1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

05 - 3—ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

കോഴിക്കോട് ലോ കോളേജിലെ ജീവനക്കാരുടെ ക്ഷാമബത്ത, അവധിയാത്രാനുകൂല്യം, വെള്ളക്കരം, ടെലിഫോൺ ചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷാമബത്ത (വേതനം) ഇനത്തിൽ 41,000 രൂപയും അവധിയാത്രാനുകൂല്യയിനത്തിൽ 99,000 രൂപയും വെള്ളക്കരം ഇനത്തിൽ 1 ലക്ഷം രൂപയും ടെലിഫോൺ ചെലവിനത്തിൽ 54,000 രൂപയും ചേർത്ത് ആകെ പദ്ധതിയേതരയിനത്തിൽ 2.94 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

01 - 1-ശമ്പളം

01 - 3-ശമ്പളം - വീട്ടുവാടക അലവൻസ്

തൃശ്ശൂർ ലോ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്കരണം നൽകേണ്ടതിനാൽ ശമ്പളം ഇനത്തിൽ 80 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് ഇനത്തിൽ 10 ലക്ഷം രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ.) [60% സി.എസ്.എസ്.]

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്രവിഹിതമായ 156 കോടി രൂപ ലഭിക്കാനുണ്ട്. കേന്ദ്ര വിഹിതത്തിനാനുപാതിക മായുള്ള സംസ്ഥാന വിഹിതം നിലവിലെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 115.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-56-ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

പുതിയ പദ്ധതികളും പ്രോഗ്രാമുകളും വിഭാവനം ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇ-ജേർണൽ കൺസോർഷ്യം, അദ്ധ്യാപന പരിശീലന പരിപാടി (FDP), ആസ്ഥാന മന്ദിര നിർമ്മാണം, ബഹു. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 82.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-105-97-02—അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ളപദ്ധതി (എ.എസ്.എ.പി.) (എഫ്.എ.പി.)

ഏഴ് സ്കിൽ പാർക്കുകളുടെ നിർമ്മാണം, പരിപാലനം, അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 61.7225 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

മൂന്നാർ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ശമ്പള ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-800-45—കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ്ആന്റ് ആർട്ട്

31-സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിൽ പുതിയ വിദ്യാർത്ഥികളുടെ ഡിപ്ലോമ പ്രോജക്ടിനുവേണ്ടിയും നിലവിലുള്ള നിർമ്മാണ
പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും മറ്റുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ശമ്പളേതരം, മൂലധന ആസ്തികളുടെ രൂപീകരണം എന്നീ ചെലവുകൾക്കായി '45-36' , '45-35' എന്നീ ഉപശീർഷകങ്ങളിൽ പദ്ധതിയിനത്തിൽ യഥാക്രമം 1.73 കോടി രൂപയും 14 കോടി രൂപയും പദ്ധതിയേതര യിനത്തിൽ '45-31', '45-36' എന്നീ ഉപശീർഷകങ്ങളിൽ യഥാക്രമം 1.1527 കോടി രൂപയും 1.7849 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-001-93—വകുപ്പിന്റെ ശക്തിപ്പെടുത്തൽ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ അഞ്ച് ഓഫീസുകളുടെ ആധുനിക വൽക്കരണത്തിനും, പ്രധാന ദേശീയ സ്ഥാപനങ്ങളിൽവച്ച് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ടി പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-99—കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - ശമ്പളേതരം

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രവേശന പരീക്ഷ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പെൻഷൻ പരിഷ്കരണം മൂലമുണ്ടായ അധിക ബാധ്യത, യു.ജി.സി./എ.ഐ.സി.ടി.ഇ. ഡി.എ. റിവിഷൻ, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, റിസർച്ച് സ്കോളർഷിപ്പ് എന്നിവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 83.5074 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-97—<u>കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)</u>

31—<u>സഹായധനം - ശമ്പളം</u>

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി സഹായധനം - ശമ്പളം എന്ന ഉപശീർഷകം 31-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16.0337 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും യൂണിവേഴ്സിറ്റി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 213.872 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠനവിഭാഗങ്ങൾ ആരംഭിക്കുന്നതിനും സർവ്വകലാശാലയുടെ വിദ്യാർത്ഥി നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടെ 19 ഘടകങ്ങളുടെ സ്ഥാപക ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 136.528 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ ശമ്പളേതര ആവർത്തന ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 54.9064 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99-06—<u>ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം-വാടക, കരം, നികുതി</u>

ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 15 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-105-91-34-2—<u>ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുള്ള വിഹിതം - മറ്റ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

പോളിടെക്നിക്കുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-105-79—<u>സർക്കാർ പോളിടെക്നിക്കുകളുടെ വികസനം</u>

നടുവിൽ പോളിടെക്നിക്കിലെ വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ പുതിയ പോളിടെക്നിക്കിന്റെ പ്രാരംഭപ്രവർത്തനങ്ങൾ സംബന്ധിച്ച ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-72—<u>സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ്</u>

പ്രസ്തുത ശീർഷകത്തിലെ വിവിധ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 1.672 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-61-36—<u>കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം - സഹായധനം- ശമ്പളേതരം</u>

കോട്ടയം സയൻസ് സിറ്റി നിർമ്മാണം പൂർത്തിയാക്കി 2023-24-ൽ തുറന്നുകൊടുക്കുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വരുംവർഷങ്ങളിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതര ശീർഷകം അനുവദിച്ച് മതിയായ തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

31—സഹായധനം - ശമ്പളം

36—സഹായധനം - ശമ്പളേതരം

ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ '31-സഹായധനം -ശമ്പളം' എന്ന ഉപശീർഷകത്തിൽ 80.1832 കോടി രൂപയും '36-സഹായധനം-ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.2541 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-58– എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

35-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ അക്കാഡമിക് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി ഭൂമി ഏറ്റെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി യഥാക്രമം 25 കോടി രൂപയും 23 കോടി രൂപയും ചേർത്ത് ആകെ 48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36-സഹായധനം-ശമ്പളേതരം

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ. പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-800-91-36—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം- ശമ്പളേതരം</u>

സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ ഒരു അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിനും കോഴിക്കോട്, എറണാകുളം ഉപകേന്ദ്രങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒരു 5 കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 6.60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-99-05-2—<u>സംഗീത കോളേജുകൾ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

ശില്പനിർമ്മാണത്തിനും പോളിഷിംഗിനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ വൻതോതിൽ വൈദ്യുതി ഉപയോഗിക്കുന്നവയായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം വർദ്ധിച്ച വൈദ്യുതി ചെലവ് വഹിക്കുന്നതിന് പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-94-34-1—<u>ഫൈൻ ആർട്സ് കോളേജുകൾ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ - മറ്റുചെലവുകൾ - വെള്ളക്കരം</u>

ഫൈൻ ആർട്സ് കോളേജിന്റെ വെള്ളക്കരം കുടിശ്ശിക സഹിതം അടച്ച് തീർക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31-<u>സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 5.19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർ വത്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 18 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

കോഴ്സ് നടത്തിപ്പിനുള്ള തുക 51,350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായ വർദ്ധനവ് അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 12,350 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203 -70—പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവ്വകലാശാലയുടെ പുതിയ ക്യാമ്പസും ഇൻഫ്രാസ്ട്രക്ചറൽ ഫെസിലിറ്റികളും)

മലയാളം സർവ്വകലാശാല ക്യാമ്പസ് വികസനത്തിനും അക്കാദമിക് - ഭരണവിഭാഗ കെട്ടിട നിർമ്മാണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 143.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

2202-03-112-95-31—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്-സഹായധനം - ശമ്പളം

ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.2423 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98-36—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം

2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, പേ റിവിഷൻ കുടിശ്ശിക, ടെർമിനൽ സറണ്ടർ, കെട്ടിട വാടക, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത അഡ്വാൻസ് തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്- സഹായധനം - ശമ്പളേതരം

2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 91.75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്- സഹായധനം - ശമ്പളേതരം

ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള റഫറൻസ് ലൈബ്രറിയുടെ നവീകരണം, വൈജ്ഞാനിക ഭാഷാവികസനം, വിജ്ഞാനമുദ്രണം പ്രസ്സിന്റെ ആധുനികവത്കരണം, അന്താരാഷ്ട്ര പുസ്തകോത്സവം, ആസാദ് കീ അമൃത് മഹോത്സവ് എന്നിവയുൾപ്പെടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും, ജീവനക്കാരുടെ ശമ്പളവും അലവൻസുകളും, ഡി. എ. കുടിശ്ശിക, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നതിനായും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി- ധനസഹായം -സഹായധനം- ശമ്പളേതരം

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ഹെഡ് ഓഫീസിന്റെ വാടക നൽകുന്നതിനും പുതിയ കെട്ടിടത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം പ്രവർത്തനയോഗ്യമാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.85 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 73.74 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-86—<u>മലയാളം മിഷൻ</u>

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങളിലുണ്ടായ വർദ്ധന, അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള വർദ്ധന കുടിശ്ശിക, മറ്റ് ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.86 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 16.56 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.15 -ന് പിരിഞ്ഞു.

## 2. 20-4-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2022 ഏപ്രിൽ 20-ാം തീയതി, ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ, സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മത്സ്യബന്ധന-സാംസ്കാരിക-യുവജനക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, പ്രത്യേക ക്ഷണിതാക്കളായ തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ, കായിക, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺകുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. മുഹമ്മദ് മുഹസിൻ
5. ശ്രീ. കെ. എം. സച്ചിൻദേവ്
6. ശ്രീ. എം. വിജിൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ്.
3. ശ്രീമതി ബി. ആർ. യമുന, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
4. ശ്രീ. ഫെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീമതി ക്ഷിതി വി. ദാസ്, അഡീഷണൽ സെക്രട്ടറി, സംസ്ഥാന യുവജന കമ്മീഷൻ.
6. ശ്രീമതി മായ എൻ., മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ.
7. ശ്രീ. മുഹമ്മദ് റിയാസ്, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്.
8. ശ്രീ. എസ്. അബു, ഡയറക്ടർ, മ്യൂസിയം-മൃഗശാല വകുപ്പ്.
9. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്.
10. ശ്രീ. റെജികുമാർ ജെ., ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്.
11. ശ്രീ. ജെറോമിക് ജോർജ്ജ്, ഡയറക്ടർ, കായിക-യുവജനകാര്യ ഡയറക്ടറേറ്റ്.
12. ശ്രീ. സി. അജോയ്, സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി.
13. ശ്രീ. പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ.
14. ശ്രീ. മനോജ്കുമാർ പി. സി., അണ്ടർ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
15. ശ്രീ. യൂസഫ് ഖാൻ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.
16. ശ്രീ. ഭൂപേഷ് എസ്., കൺസർവേഷൻ എഞ്ചിനീയർ, പുരാവസ്തു വകുപ്പ്.
17. ശ്രീ. ജോസഫ് സ്കറിയ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്.

18. ശ്രീമതി ലാലി കെ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മ്യൂസിയം-മൃഗശാല വകുപ്പ്.

19. ശ്രീ. വേണുഗോപാലൻ എസ്., പ്രതിനിധി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ.

20. ശ്രീമതി ദീപ ആർ., വൈലോപ്പിള്ളി സംസ്കൃതി ഭവൻ.

21. ശ്രീമതി സബ്ന ശശിധരൻ, ഗുരുഗോപിനാഥ് നാട്യഗ്രാമം.

22. ശ്രീമതി ഡെയ്സി വി., വൈലോപ്പിള്ളി സംസ്കൃതി ഭവൻ.

വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. ടി. കെ. നാരായണൻ, വൈസ് ചാൻസലർ, കേരള കലാമണ്ഡലം (കല്പിത സർവ്വകലാശാല)

2. ഡോ. ബി. സുഗീത, ഡയറക്ടർ, അന്തർദേശീയ ശ്രീനാരായണ പഠന കേന്ദ്രം, ചെമ്പഴന്തി.

3. പ്രൊഫ. സഹൃദയൻ തമ്പി, സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ.

4. ശ്രീ. റസാഖ് പയമ്പ്രോട്ട്, സെക്രട്ടറി, മഹാകവി മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നം. XVII-ന്റെ കീഴിൽ വരുന്ന സാംസ്കാരികകാര്യം, കായിക യുവജനകാര്യം, പൊതുഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2205, 2204, 4202 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## സാംസ്കാരികകാര്യ വകുപ്പ്

2205-00-101-97-കേരള കലാമണ്ഡലം

31-സഹായധനം - ശമ്പളം

7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും 11-ാം ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25.84 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

കലാമണ്ഡലത്തിലെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 72.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-96—ജവഹർ ബാലഭവൻ

31—സഹായധനം - ശമ്പളം

ജവഹർ ബാലഭവൻ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളം, ഇ.പി.എഫ്. കുടിശ്ശിക, ശമ്പള പരിഷ്കരണത്തുക, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 7.1904916 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ബാലഭവനുകളിലെ കുട്ടികൾക്ക് ഗുണപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.0356 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-89—തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം

36—സഹായധനം - ശമ്പളേതരം

തുഞ്ചൻ സ്മാരകത്തിൽ ആരംഭിച്ച ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമിതരായ ഗൈഡ്, ഗവേഷകർ എന്നിവർക്കുള്ള പ്രതിഫലം, സാധന സാമഗ്രികളുടെ ശേഖരണം, സൂക്ഷിപ്പ്, യാത്രാ-താമസ ചെലവുകൾ, സ്മാരകത്തിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ബാലസമാജ ശില്പശാലകൾ, ലൈബ്രറി വികസനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-98—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

36-സഹായധനം - ശമ്പളേതരം

നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധ്യമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-97—കേരള സാഹിത്യ അക്കാദമി ധനസഹായം

36-സഹായധനം - ശമ്പളേതരം

സാംസ്കാരിക പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.80 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.07 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-91 —കേരള ലളിതകലാ അക്കാദമി

36-സഹായധനം—ശമ്പളേതരം

കേരള ലളിതകലാ അക്കാദമി ആസ്ഥാന മന്ദിരത്തിന്റെയും ഗ്യാലറികളുടെയും നവീകരണം, കലാകാരന്മാർക്കുള്ള ചികിത്സാ സഹായം, ഇൻഷ്വറൻസ് പരിരക്ഷ, കിളിമാനൂർ രാജാ രവിവർമ്മ സ്മാരക നിലയം - ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, സ്ഥിരം - കരാർ - ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവ സംബന്ധിച്ച ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-90—കേരള സംഗീതനാടക അക്കാദമി

36—സഹായധനം - ശമ്പളേതരം

കലോത്സവങ്ങൾ, ശില്പശാലകൾ, സംഗീതോത്സവങ്ങൾ, നാടക മത്സരങ്ങൾ എന്നിങ്ങനെ അക്കാദമിയുടെ കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികൾക്കും മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കുമൊപ്പം ജീവനക്കാരുടെ വേതനം, എൻ.പി.എസ്.,

യാത്രാബത്ത, ശമ്പള പരിഷ്കരണ തുക, വാഹന-ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.6 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.5869 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-87—<u>നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

കലാകാര പെൻഷൻ കൈപ്പറ്റുന്ന 2800 കലാകാരന്മാർക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 56.80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-86—<u>കഥകളി പരിശീലനം - മാർഗി</u>

36—<u>സഹായധനം - ശമ്പളേതരം</u>

ആട്ടക്കഥകൾ ചൊല്ലിയാടി വിശദമായി വ്യാഖ്യാനിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസ്സുകൾ നൽകുന്നതിനും കലാമണ്ഡലം പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പഠിച്ചുവരുന്നവർക്ക് ഉപരിപഠനത്തിന് അവസരമൊരുക്കുന്നതിനും കൂടിയാട്ടത്തിന്റെ പരിപോഷണാർത്ഥം സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-82—<u>തിരുവനന്തപുരം ഭാരത് ഭവൻ</u>

36—<u>സഹായധനം - ശമ്പളേതരം</u>

കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവമാധ്യമത്തിൽ വേദി ഒരുക്കി സഹായം ലഭ്യമാക്കിയ 'മഴമിഴി' മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗിന്റെ തുടർഘട്ട പ്രവൃത്തികൾക്കും ജീവനക്കാരുടെ ശമ്പളം, വാഹന വാടക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.09 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 95 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം - വട്ടിയൂർക്കാവ്

36—സഹായധനം - ശമ്പളേതരം

കേരളത്തിന്റെ തനത് നടനകലകളെയും സാംസ്കാരിക പ്രതീകങ്ങളെയും പൊതുസമൂഹത്തിൽ ഉയർത്തിയെടുക്കാനുള്ള പദ്ധതി രൂപീകരണത്തിനും കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന അദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം, മറ്റ് ഭരണച്ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 17 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 43 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേള

27-ാമത് ഐ.എഫ്.എഫ്.കെ. സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-74—കേരള നാടൻകല അക്കാഡമി

36—സഹായധനം - ശമ്പളേതരം

അക്കാഡമി ആസ്ഥാനം സന്ദർശിക്കുന്നവർക്ക് വിശ്രമ മുറി ഉൾപ്പെടെ ഒരു അമിനിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായും അക്കാഡമി സംഘടിപ്പിക്കുന്ന മറ്റ് പരിപാടികൾക്കായും, സ്ഥിരം ജീവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 40 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

നിലവിലുള്ള 20 പൈതൃക ഗ്രാമങ്ങളെ കൂടാതെ പൈതൃക ഗ്രാമപദ്ധതി ബ്ലോക്ക് - വില്ലേജ് തലങ്ങളിൽ ആരംഭിക്കുന്നതിനും വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-68—<u>വാസ്തുവിദ്യാ ഗുരുകുലം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ചെങ്ങന്നൂരിൽ സ്ഥാപിതമാകുന്ന വാസ്തുവിദ്യാ ചുമർച്ചിത്ര ഗ്യാലറിക്കൊപ്പം വാസ്തുവിദ്യാ മ്യൂസിയം നിർമ്മിക്കുന്നതിനും പാരമ്പര്യ വാസ്തുവിദ്യാ ശൈലിയിലുള്ള കെട്ടിടനിർമ്മാണത്തിനും ഗുരുകുലത്തിലെ സ്ഥിരം - താല്കാലിക ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

31-സഹായധനം - ശമ്പളം

ചലച്ചിത്ര അക്കാഡമി ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നിരിക്കെ അക്കാഡമിയിലെ സ്ഥിരം/കരാർ/ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സിനിമാ രംഗത്തെ സാങ്കേതിക മേഖലയിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ മലയാള ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും ഓൺലൈൻ ചലച്ചിത്ര പഠന കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും സാംസ്കാരിക സമുച്ചയങ്ങളിൽ ഫിലിം ഫെസ്റ്റിവൽ, ചലച്ചിത്രാസ്വാദന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ചലച്ചിത്ര പൈതൃക സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ്, സംസ്ഥാന ടെലിവിഷൻ അവാർഡ് എന്നിവയുൾപ്പെടെ അക്കാഡമിയുടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.50 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-65—<u>മലയാള ചിത്രങ്ങൾക്കായുള്ള സബ്സിഡി</u>

33—<u>സബ്സിഡികൾ</u>

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-63—<u>മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി</u>

36-<u>സഹായധനം - ശമ്പളേതരം</u>

മ്യൂസിയം, ഗവേഷണ ലൈബ്രറി, ഇശൽ പൈതൃകം, ഫെല്ലോഷിപ്പ്, യുവജനങ്ങൾക്കായുള്ള കലാപരിശീലനം, മാപ്പിള സാഹിത്യത്തിലെ സ്ത്രീപഠനങ്ങൾ, ആസാദി കാ അമൃത് മഹോത്സവ്, നാദാപുരത്തെ നിർദ്ദിഷ്ട തിയേറ്റർ നിർമ്മാണം, അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5.54 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 96.71 ലക്ഷം രൂപയും അധികമായി_വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-55—<u>കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ</u>

36—<u>സഹായധനം - ശമ്പളേതരം</u>

2022 ഏപ്രിൽ മാസത്തിലാരംഭിച്ച് 2023 ഏപ്രിൽ മാസത്തിൽ അവസാനിക്കുന്ന വിധം മഹാകവി കുമാരനാശാന്റെ നൂറ്റി അമ്പതാം ജന്മവാർഷികാഘോഷ പരിപാടികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-41—<u>സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം - ആവർത്തിക്കാത്തത്</u>

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും അനാവർത്തന ധനസഹായം നൽകുന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

36—സഹായധനം - ശമ്പളേതരം

വൈലോപ്പിള്ളി സംസ്കൃതിഭവന് കീഴിൽ പൈതൃക സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ, വിദേശരാജ്യങ്ങളിലൂൾപ്പെടെ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, സാംസ്കാരിക വിദ്യാഭ്യാസ കോഴ്സുകൾ നടത്തൽ, സംസ്കൃതി ചാനൽ ആരംഭിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയം, കൂത്തമ്പലം എന്നിവയുടെ നവീകരണം, ജീവനക്കാരുടെ വേതനം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാഹന വാടക, കെട്ടിട/പൂന്തോട്ട നവീകരണം എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.40 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.08 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-34—അന്താരാഷ്ട്ര നാടകോത്സവം

ലോകനാടകത്തിന്റെ നവീന പ്രവണതകളും സന്ദേശങ്ങളും പരിചയപ്പെടുത്തിക്കൊണ്ട് തൃശ്ശൂരിനുപുറമെ പ്രാദേശികാടിസ്ഥാനത്തിലും അന്താരാഷ്ട്ര നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-32—ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി

36—സഹായധനം - ശമ്പളേതരം

അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹോസ്റ്റൽ നിർമ്മാണം, കൺവെൻഷൻ സെന്ററുകളുടെ നിർമ്മാണം, ഗുരുദേവകൃതികൾ സംഗീതാവിഷ്കാരത്തിലൂടെയും ഡിജിറ്റൈസേഷനിലൂടെയും ജനകീയമാക്കൽ, വെള്ളയമ്പലം ശ്രീനാരായണഗുരു പാർക്കിന്റെ മേൽനോട്ട ചുമതലയുള്ള ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്, വെള്ളക്കരം, പൂന്തോട്ട പരിപാലനം തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 6.18 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 7 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-31—<u>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്</u>

10—<u>സംഭാവന</u>

ബോർഡ് ചെയർമാന്റെ ശമ്പളം, യാത്രാബത്ത, മീറ്റിംഗ് ചെലവുകൾ, ജീനക്കാരുടെ വേതനം, വാഹന വാടക, കെട്ടിട വാടക, ഓഫീസ് ഓട്ടോമോഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 72.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-12—<u>കൊങ്കണി സാഹിത്യ അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഓഫീസ് പ്രവർത്തനങ്ങളുടെ വിപുലീകരണം, പുസ്തക പ്രകാശനം, വില്പന പുസ്തകങ്ങളുടെ ശേഖരണം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-99—<u>പുരാവസ്തു ഗവേഷണം - പുരാവസ്തു ഗവേഷണ വകുപ്പ്</u>

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

മ്യൂസിയം സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനമൂലം കുടിവെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചതും പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കിയതുമൂലവുമുള്ള വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 15,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—<u>പി.ഒ.എൽ.</u>

ഇന്ധനവില വർദ്ധനമൂലവും ഫീൽഡ് സർവ്വെ, എസ്കവേഷൻ എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലവുമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-98—തൃശ്ശൂരിലെ മ്യൂസിയവും ചിത്രാലയവും

തൃശ്ശൂർ ജില്ലയിലെ ശക്തൻ തമ്പുരാൻ പാലസ്, ജില്ലാ പൈതൃക മ്യൂസിയം എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-89—പുരാവസ്തു - കെട്ടിടങ്ങൾ

കൊട്ടാരങ്ങൾ, കോട്ടകൾ, പുരാതത്വസ്ഥാനങ്ങൾ തുടങ്ങിയവയുടെ സംരക്ഷണ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കാനും സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടം പിടിക്കുന്ന പൈതൃക നിർമ്മിതികളെ സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

കേരളത്തിലെ പൈതൃകത്തെ സംബന്ധിച്ച ലിഖിതങ്ങളുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, വിവിധ പൈതൃകങ്ങളുടെ പ്രാമാണീകരണവും പ്രദർശനങ്ങളും പ്രഭാഷണങ്ങളും, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഓഫീസ് ചെലവുകൾ, മാൻപാർക്ക്, മ്യൂസിയം ക്യാമ്പസ് എന്നിവയുടെ പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 61.15 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 27.58 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-80—ജില്ലാതലത്തിലുള്ള പുരാവസ്തു/പൈതൃക മ്യൂസിയം

ജില്ലാ പൈതൃക മ്യൂസിയങ്ങൾക്കാവശ്യമായ പ്രദർശന വസ്തുക്കൾ കണ്ടെത്തി സജ്ജീകരിക്കുന്നതിനൊപ്പം അനുബന്ധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മലപ്പുറം, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ തുടർന്നുപോരുന്ന പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും മറ്റുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-77—<u>പുരാവസ്തു പ്രസിദ്ധീകരണങ്ങൾ</u>

പുരാവസ്തു വകുപ്പിന്റെ പഠന ഗവേഷണങ്ങളും കണ്ടെത്തലുകളും പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നവിധം ഗൈഡ് ബുക്കുകളും ബ്രോഷറുകളും പ്രസിദ്ധീകരിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-107-91—<u>എ.കെ.ജി. സ്മാരക മ്യൂസിയം</u>

കണ്ണൂർ-പെരളശ്ശേരിയിൽ സ്ഥാപിക്കുന്ന എ.കെ.ജി. മ്യൂസിയത്തിന് അഞ്ചരക്കണ്ടിപ്പുഴയ്ക്ക് സമീപത്ത് നിന്നും ലാന്റ്സ്കേപ്പിംഗ് പ്രദർശന സംവിധാനം സജ്ജമാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-107-89—<u>ശ്രീചിത്ര ആർട്ട് ഗ്യാലറി</u>

ശ്രീചിത്ര ആർട്ട് ഗ്യാലറിക്ക് സമീപത്തായി പുതിയതായി നിർമ്മിക്കുന്ന രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പൂർത്തീകരണ പ്രവൃത്തികൾ, ലാന്റ്സ്കേപ്പിംഗ്, ആർട്ട് ഗ്യാലറിയിൽ ഇന്റർപ്രിട്ടേഷൻ സെന്റർ ആരംഭിക്കൽ, ലൈബ്രറി സജ്ജമാക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-800-30—<u>'മഴമിഴി' നവമാധ്യമ കലാപരിപാടികൾ</u>

കോവിഡ് മഹാമാരിയിലും വെള്ളപ്പൊക്കത്തിലും ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് അവരുടെ കലാപരിപാടികൾ ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ അവതരിപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ പൂർത്തീകരണത്തിന് പര്യാപ്തമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-800-29—<u>സമം - ലിംഗസമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം</u>

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളിൽ പ്രതിഷേധിക്കുന്ന 'സമം' പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

01—മരാമത്തുപണികൾ

ഫിലിം ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങളുടെ വികസനം, സ്റ്റുഡിയോകൾ, തിയേറ്ററുകൾ എന്നിവയുടെ വികസനം, പുതിയ തിയേറ്ററുകളുടെ നിർമ്മാണം, ചലച്ചിത്ര നിർമ്മാണത്തിലെ സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമാ നിർമ്മാണം തുടങ്ങിയ പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 57.54 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-85—ഡയറക്ടറേറ്റ് ഓഫ് കൾച്ചർ കോംപ്ലക്സിന്റെ നിർമ്മാണം

തിരുവനന്തപുരം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക ഡയറക്ടറേറ്റ് ഓഫീസിനും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-84—കലാകാരന്മാർക്കുള്ള അഭയകേന്ദ്രം (ഹോം സ്റ്റേ/കലാഗ്രാമം)

നിരാലംബരായ കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കുമുള്ള സുസ്ഥിര ഉപജീവനമാർഗ്ഗമായ 'അഭയകേന്ദ്രം' പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-83—ഫ്രീഡം മെമ്മോറിയൽ പാർക്ക്

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ സ്വാതന്ത്ര്യ സമരസേനാനികളുടെ സ്മാരകങ്ങൾക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-82—സാംസ്കാരിക പൈതൃക ഗ്രാമം

കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കായിക യുവജനകാര്യ വകുപ്പ്

2204-00-103-98—വിദ്യാർത്ഥികളല്ലാത്തവർക്കുള്ള യുവജനക്ഷേമ പരിപാടികൾ - യൂത്ത് വെൽഫയർ ബോർഡ്

31—സഹായധനം - ശമ്പളം

യുവജനക്ഷേമ ബോർഡിലെ സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, യാത്രാബത്ത എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.384 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-68—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

31—സഹായധനം - ശമ്പളം

സംസ്ഥാന യുവജന കമ്മീഷനിലെ ജീവനക്കാരുടെ പുതുക്കിയ ശമ്പളം, ശമ്പളപരിഷ്കരണ കുടിശ്ശിക, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

കമ്മീഷന്റെ അദാലത്തുകൾ, ഗ്രീൻ സോൺ പദ്ധതി, പാർശ്വവത്കൃത യുവജനങ്ങളുടെ ആരോഗ്യ പരിപാലനം, യൂത്ത് സർവ്വേ, വിർച്വൽ എംപ്ലോയ്മെന്റ് പദ്ധതി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കമ്മീഷൻ ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനത്തിന്റെ വാടക, കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനത്തിന്റെ വാടകയും അറ്റകുറ്റപ്പണികളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സർവ്വീസ് & മെയിന്റനൻസ്, സ്റ്റേഷനറി, ഫോൺ, വൈദ്യുതി ചാർജ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-97—<u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം</u>

31—<u>സഹായധനം - ശമ്പളം</u>

സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ശമ്പളം, ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 7.1421 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം, അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കൽ, കായിക ഉപകരണങ്ങളുടെ വാങ്ങൽ, വനിതാ വോളിബോൾ അക്കാഡമി, വനിതാ ജംപ്സ് അക്കാഡമി, വാട്ടർ സ്പോർട്സ് അക്കാഡമി തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 26.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര യിനത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-95—<u>ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനത്തുക</u>

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ചുവരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-91—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

അവശ സർക്കസ് കലാകാരന്മാരുടെ 2021-22 വർഷത്തെ കുടിശ്ശിക പെൻഷൻ അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പൊതുമരാമത്ത് വകുപ്പ്

4202-01-202-91—അടിസ്ഥാന സൗകര്യ വികസനം

കരാറുകാർക്ക് ഈ ശീർഷകത്തിൽ 31-1-2022 വരെ നൽകുവാനുള്ള കുടിശ്ശിക 32.48 കോടി രൂപയാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-89—ഗവ.കോളേജുകളിൽ വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണം

നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-1-2022 വരെ ഈ ശീർഷകത്തിൽ കരാറുകാർക്ക് 51.16 ലക്ഷം രൂപ നൽകുവാനുണ്ട്. കുടിശ്ശിക നൽകുവാനുള്ള തുകയുൾപ്പെടെ ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-85—കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം (ഒറ്റ തവണ കേന്ദ്ര സഹായം)

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-1-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക 3.48 കോടി രൂപയാണ്. ടി തുകയുൾപ്പെടെ ഈ ശീർഷകത്തിൽ 4.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-83—<u>കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പരിപാടി (സി.ഐ.യു.പി)- അടിസ്ഥാന സൗകര്യം</u>

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-1-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക 13.05 കോടി രൂപയാണ്. പ്രസ്തുത തുകയുൾപ്പെടെ ഈ ശീർഷകത്തിൽ 17 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-75—<u>കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി (സി.ക്യൂ.ഐ.പി.) അടിസ്ഥാന സൗകര്യം</u>

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 1 കോടി രൂപയുൾപ്പെടെ ഈ ശീർഷകത്തിൽ 1.7 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-71—<u>ഗുണനിലവാര മെച്ചപ്പെടുത്തലും നവീകരണവും</u>

31-1-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക 5.89 കോടി രൂപയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത തുകയുൾപ്പെടെ 6.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-99—<u>പോളിടെക്നിക്കുകൾക്ക് കെട്ടിടങ്ങൾ</u>

കരാറുകാർക്ക് 31-1-2022 വരെ നൽകുവാനുള്ള കുടിശ്ശിക തുകയായ 24.48 കോടി രൂപയുൾപ്പെടെ 13 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-94—<u>പോളിടെക്നിക്കുകൾക്ക് കെട്ടിടം (ഒറ്റ തവണ കേന്ദ്ര സഹായം)</u>

31-1-2022 വരെയുള്ള കണക്കുകൾ പ്രകാരം കരാറുകാർക്ക് 32.43 ലക്ഷം രൂപയുടെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്. ആയതിനാൽ ടി തുകയുൾപ്പെടെ 55 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-99—<u>കെട്ടിടങ്ങൾ</u>

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 7.06 കോടി രൂപയുൾപ്പെടെ 12 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-93—തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് - ഒറ്റത്തവണ അധിക കേന്ദ്ര സഹായം

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 79.99 ലക്ഷം രൂപയുൾപ്പെടെ 1.35 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-90—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

കരാറുകാർക്ക് ഈ ശീർഷകത്തിൽ നൽകുവാനുള്ള കുടിശ്ശിക തുകയായ 5.95 കോടി രൂപയുൾപ്പെടെ 9 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-89—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 76.20 ലക്ഷം രൂപയുൾപ്പെടെ 1.25 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-88—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

കരാറുകാർക്ക് 31-1-2022 വരെ നൽകുവാനുള്ള കുടിശ്ശിക തുകയായ 13.20 ലക്ഷം രൂപയുൾപ്പെടെ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-03-800-91—എൻ.സി.സി. കെട്ടിടനിർമ്മാണം

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 4.47 കോടി രൂപയുൾപ്പെടെ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മരാമത്ത് ജോലികൾ സംബന്ധിച്ച ഡി.എസ്.ആർ. നിരക്ക് (Delhi Schedule of Rate) 2016-ൽ നിന്നും 2018-നെ അടിസ്ഥാനമാക്കി മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ വർദ്ധനവിനനുസരിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച് ആയതിനുള്ള ബഡ്ജറ്റ് വിഹിതം ഉറപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ/ ഉന്നതവിദ്യാഭ്യാസ വകുപ്പുകളോട് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.

## 3. 27-4-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2022 ഏപ്രിൽ 27-ാം തീയതി, ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, പ്രത്യേക ക്ഷണിതാവായ കായിക-വഖഫ്-ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാന് എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. കെ. എം. സച്ചിൻദേവ്
3. ശ്രീ. എം. വിജിൻ.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ മത്സ്യബന്ധന-സാംസ്കാരികകാര്യ-യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ, പ്രത്യേക ക്ഷണിതാവായ തുറമുഖം-മ്യൂസിയം-പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ, അംഗങ്ങളായ ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീ. ഷാഫി പറമ്പിൽ എന്നിവർ വീഡിയോ കോൺഫറൻസിലൂടെയും യോഗത്തിൽ പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത്തെ റിപ്പോർട്ടിന്റെ (2022-23) കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.40-ന് പിരിഞ്ഞു.

## 4. 7-7-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2022 ജൂലൈ 7-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.05-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>ഹാജരായ മറ്റ് അംഗങ്ങൾ:</u>

1. ശ്രീ. എം.എസ്. അരുൺ കുമാർ, എം.എൽ.എ.
2. ശ്രീ. കെ. എം. സച്ചിൻദേവ്, "
3. ശ്രീ. എ. എൻ. ഷംസീർ, "
4. ശ്രീ. എം. വിജിൻ, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ശ്രീകുമാർ എം.എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. അജയൻ സി., അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി ലതാകുമാരി എം.ബി, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീ. മനോഹരൻ പി. വി., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.
4. ശ്രീമതി ഷീജ കെ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന യുവജന കമ്മീഷൻ.
5. ശ്രീമതി ഡാർളി ജോസഫ്, സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ.
6. ശ്രീ. പ്രസന്നകുമാർ വി. ഡി., മെമ്പർ, സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്.
7. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2021-22) ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി പത്രികകൾ, പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)

(ഫയൽ നം. 12380/സബ് സി ഇ 1/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം.33-39 വരെയുള്ള ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക നം. 40-ലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ 3,45,00,000 രൂപ അനുവദിച്ചിട്ടുണ്ടെന്നാണ് കാണിച്ചിട്ടുള്ളതെന്നും, എന്നാൽ 80 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജോയിന്റ് സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ റിപ്പോർട്ടിൽ 80 ലക്ഷം രൂപയെന്ന് തിരുത്തിയാൽ മതിയാകുമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 49, 51, 54-57, 68 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകളും സമിതി അംഗീകരിച്ചു.

ഖണ്ഡിക നം. 71-ലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പും പൊതുമരാമത്ത് വകുപ്പും ലഭ്യമാക്കിയ നടപടി പത്രികയിൽ സമിതി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിച്ചിട്ടില്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പും 2.72 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇതിനൊരു വ്യക്തത ആവശ്യമാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത ശീർഷകത്തിന്മേലുള്ള ബഡ്ജറ്റ് വിഹിതം 5 കോടി രൂപയായിരുന്നെന്നും 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും എന്നാൽ 2021-22-ലെ ആകെ ചെലവ് 7.72 കോടി രൂപയായതിനാൽ അധികമായി ചെലവായ 2.72 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക നമ്പർ 71-ന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കേണ്ടതില്ലെന്നും, പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 69,70,71 എന്നിവ അംഗീകരിക്കാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ ഖണ്ഡിക നം.74-77 വരെയുള്ള ശിപാർശയിന്മേൽ കായിക യുവജനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകളും സമിതി അംഗീകരിച്ചു.

II. കരട് റിപ്പോർട്ടുകൾ

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-2022)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിശോധന

(ഫയൽ നം. 12380/സബ്സിഇ 1/2021/നി.സെ)

ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റിൽ ഖണ്ഡിക നം. 40, 71 എന്നിവയിൽ നിർദ്ദേശിച്ച തിരുത്തലുകൾ ഉൾപ്പെടുത്തി കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(2) 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണന

(ഫയൽ നം. 10296/സബ്സിഇ 1/2022/നി.സെ)

കരട് റിപ്പോർട്ട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടുകൾ 2022 ജൂലൈ 12-ാം തീയതി ചൊവ്വാഴ്ച, സഭയിൽ സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.20 -ന് പിരിഞ്ഞു.

## 5. 24-8-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2022 ആഗസ്റ്റ് 24-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.50-ന് നിയമസഭാ സമുച്ചയത്തിലെ 4 'ബി' സമ്മേളന ഹാളിൽ, സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഓഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. എം.എസ്. അരുൺ കുമാർ, "
3. ശ്രീ. ടി. വി. ഇബ്രാഹിം, "
4. ശ്രീ. കെ. എം. സച്ചിൻദേവ്, "
5. ശ്രീ. എ. എൻ. ഷംസീർ, "
6. ശ്രീ. എം. വിജിൻ, "

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീ. അനിൽകുമാർ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

3. ശ്രീമതി ഉമാദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി The University Laws(Amendment) Bill, 2022 പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

In sub-clause(2) of Clause 1, for the words " come into force at once", the words "be deemed to have come into force on the 1st day of August, 2022" shall be substituted.

പ്രസ്തുത ബില്ലിന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 7.05 -ന് പിരിഞ്ഞു.

## 6. 2-11-2022- ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2022 നവംബർ 2-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. മുഹമ്മദ് മുഹസിൻ

2. ശ്രീ. ഷാഫി പറമ്പിൽ (വീഡിയോ കോൺഫറൻസ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. അനിൽകുമാർ. വി.എസ്., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. വിജയകുമാർ കെ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. ഒ.എൻ. സക്കീർ ഹുസൈൻ, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്
5. ശ്രീ. മനോഹരൻ പി.വി., ജോയിന്റ് സെക്രട്ടറി, കായികയുവജനക്ഷേമ വകുപ്പ്
6. ശ്രീ. ജയപ്രകാശ് ആർ.കെ., ഡയറക്ടർ, SCERT
7. ശ്രീ. പ്രേം കൃഷ്ണൻ, ഡയറക്ടർ, കായിക വകുപ്പ്
8. ശ്രീമതി ജെൻസി വർഗ്ഗീസ്, ഡയറക്ടർ, SIMC

പ്രസ്തുത യോഗത്തിൽ സമിതിയിൽ സമർപ്പിക്കാൻ കുടിശ്ശികയായുള്ള ചട്ടങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച് പരിശോധന നടത്തുകയും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടത് സംബന്ധിച്ച വിശദീകരണ പത്രികകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. സമിതിയിൽ സമർപ്പിക്കാൻ കുടിശ്ശികയായുള്ള ചട്ടങ്ങളുടെ നിർമ്മാണപുരോഗതി

(i) The University Laws (Amendment) Act, 2019

[ഫയൽ നം.498/സബ്.സി.ഇ 1/2020/നി.സെ.]

(ii) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) 2-ാം നമ്പർ ആക്ട്

[ഫയൽ നം.794/സബ്.സി.ഇ 1/2020/നി.സെ.]

(iii) The University Laws (Third Amendment) Act, 2014

[ഫയൽ നം.1103/സബ്.സി.ഇ 1/2015/നി.സെ.]

(iv) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്

[ഫയൽ നം.1071/സബ്.സി.ഇ 1/2016/നി.സെ.]

മേൽ പരാമർശിച്ച സർവ്വകലാശാലാ നിയമങ്ങളെ സംബന്ധിച്ചുള്ള കുറിപ്പ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഈ നിയമങ്ങളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക സമിതി പരിഗണിക്കുകയും, സർവ്വകലാശാല നിയമങ്ങളുമായി ബന്ധപ്പെട്ട ആദ്യ സ്റ്റാറ്റ്യൂട്ടുകൾ നിയമസഭ പരിശോധിക്കണമെന്നും തുടർന്നുള്ള അധിക സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കുന്നത് ബന്ധപ്പെട്ട സർവ്വകലാശാലാ നിയമങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലകൾ തന്നെയാണെന്നും ആയതിനാൽ ആയവ നിയമസഭ മുൻപാകെ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതില്ലെന്നുമുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

എന്നാൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേൽ ഒരു ജനറൽ റൂൾ സർക്കാർ തലത്തിൽ ഇറക്കേണ്ടിവരുമെന്നും ആയതിനാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആരായണമെന്നും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നിയമങ്ങളിന്മേൽ ആദ്യ സ്റ്റാറ്റ്യൂട്ട് മാത്രമാണ് സർക്കാർ നിർമ്മിക്കുന്നതെന്നും തുടർന്നുള്ള സ്റ്റാറ്റ്യൂട്ടുകളുടെ നിർമ്മാണം നടത്തുന്നത് യൂണിവേഴ്സിറ്റികളാണെന്നും സമിതി അഭിപ്രായപ്പെട്ടു.

II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)

[ഫയൽ നം.1806/സബ്.സി.ഇ 1/2020/നി.സെ.]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 1-23, 66-72 എന്നിവയിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പും, ഖണ്ഡിക നം. 61-ലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പും ലഭ്യമാക്കിയ നടപടിപത്രികകൾ കാലതാമസ പത്രിക സഹിതം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം നേരിട്ടത് സംബന്ധിച്ച വിശദീകരണ പത്രിക

(i) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2020-21 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

[ഫയൽ നം.554/സബ്.സി.ഇ 1/2021/നി.സെ.]

(ii) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2020-21 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

[ഫയൽ നം.554/സബ്.സി.ഇ 1/2021/നി.സെ.]

(iii) കായിക യുവജനകാര്യ വകുപ്പിന്റെ 2019-20 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

[ഫയൽ നം.247/സബ്.സി.ഇ 1/2020/നി.സെ.]

മേൽപ്പറഞ്ഞ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ ലഭ്യമാക്കിയ കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു).

## 7. 7-12-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, കൃഷിയും, മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ സംയുക്തമായി The University Laws (Amendment) (No. 2) Bill, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി 2022 ഡിസംബർ 7-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 6.20-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സന്നിഹിതരായിരുന്ന അദ്ധ്യക്ഷന്മാർ/എക്സ് ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡോ. ആർ. ബിന്ദു,

   ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി,

   എക്സ് ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി VI.

2. ശ്രീ. പി. പ്രസാദ്,

   ബഹു. കൃഷി വകുപ്പുമന്ത്രി,

   അദ്ധ്യക്ഷൻ,

   സബ്ജക്ട് കമ്മിറ്റി I.

3. ശ്രീമതി ജെ. ചിഞ്ചുറാണി,
   ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി I.

4. ശ്രീ. വി. അബ്ദുറഹിമാൻ,
   ബഹു. മത്സ്യബന്ധനം-കായികം, വഖഫ്,
   ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി IX.

5. ശ്രീ. പി. രാജീവ്,
   ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി,
   അദ്ധ്യക്ഷൻ,
   സബ്ജക്ട് കമ്മിറ്റി IV (പ്രത്യേക ക്ഷണിതാവ്).

<u>ഹാജരായ അംഗങ്ങൾ</u>

<u>സബ്ജക്ട് കമ്മിറ്റി VI</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. ടി. ഐ. മധുസൂദനൻ
4. ശ്രീ. മുഹമ്മദ് മുഹസിൻ
5. ശ്രീ. കെ. എം. സച്ചിൻദേവ്
6. ശ്രീ. ഷാഫി പറമ്പിൽ
7. ശ്രീ. എം. വിജിൻ.

<u>സബ്ജക്ട് കമ്മിറ്റി I</u>

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. പി. പി. ചിത്തരഞ്ജൻ
3. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
4. ശ്രീ. കെ. പി. മോഹനൻ
5. ശ്രീ. കുറുക്കോളി മൊയ്തീൻ

<u>സബ്ജക്ട് കമ്മിറ്റി XII</u>

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. പി. കെ. ബഷീർ
4. ശ്രീമതി ദെലീമ
5. ശ്രീ. ജോബ് മൈക്കിൾ
6. ശ്രീമതി യു. പ്രതിഭ
7. ശ്രീമതി കെ. കെ. രമ
8. ഡോ. സുജിത് വിജയൻപിള്ള.

<u>സബ്ജക്ട് കമ്മിറ്റി XIV</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. വി. ഡി. സതീശൻ
5. ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

3. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

4. ശ്രീമതി ഷബാന അഞ്ജൂം, ജോയിന്റ് സെക്രട്ടറി

5. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

6. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

7. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

8. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.

2. ശ്രീമതി ഇഷിതാ റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

3. ശ്രീ. വി. ഹരിനായർ, സെക്രട്ടറി, നിയമ വകുപ്പ്.

4. ഡോ. ബി. അശോക്, സെക്രട്ടറി, കൃഷി വകുപ്പ്.

5. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, ഐ. ടി. വകുപ്പ്.

6. ഡോ. സജി ഗോപിനാഥൻ, വൈസ് ചാൻസലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി.

7. ശ്രീമതി ഷഹർബാനു, അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

8. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, The University Laws (Amendment) (No. 2) Bill, 2022, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I. The University Laws (Amendment) (No. 2) Bill, 2022.

(File No. 21973/സബ്.സി.ഇ 1/2022/നി.സെ)

The University Laws (Amendment) (No. 2) Bill, 2022-ലെ 2, 3, 4, 5, 6, 7, 8, 9 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ

അവതരിപ്പിക്കുകയും ആയത് സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The University Laws (Amendment) (No. 2) Bill, 2022 അംഗീകരിക്കുകയും ചെയ്തു.

*Clause 2*

(i) In sub-clause (a) for item(1D) the following item shall be substituted,—

“ (1D) The chancellor may submit resignation in writing to the Government.”

(ii) for sub-clause (b), the following sub-clause shall be substituted,—

“ (b) in section 27, for sub-section (11), the following sub-section shall be substituted namely:—

(11) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties,” .

*Clause 3*

(i) In sub-clause (a) for item(1D) the following item shall be substituted,—

“(1D) The Chancellor may submit resignation in writing to the Government.”

(ii) for sub-clause (b), the following sub-clause shall be substituted,—

“ (b) in section 10, for sub-section (18), the following sub-section shall be substituted, namely:—

(18) in the event of a temporary vacancy occuring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.” .

*Clause 4*

(i) In sub-clause (a) for item(1D) the following item shall be substituted,—

"(1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,-

" (b) in section 10, for sub-section (18), the following sub-section shall be substituted, namely:—

(18) In the event of a temporary vacancy occuring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties." .

*Clause 5*

(i) In sub-clause (a) for item(1D) the following item shall be substituted,—

"(1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,—

"(b) in section 10, for sub-section (24), the following sub-section shall be substituted, namely:-

(24) in the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties." .

*Clause 6*

(i) In sub-clause (a) for item(1D) the following item shall be substituted,—

"(1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,-

"(b) in section 24, for sub-section (6), the following sub-section shall be substituted, namely:-

(6) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties." .

*Clause 7*

(i) In sub-clause (a) for item(1D) the following item shall be substituted,-

" (1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,-

"(b) in section 12, for sub-section (1), the following sub-section shall be substituted,-

(1) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties." .

*Clause 8*

(i) In sub-clause (a) for item(lD) the following item shall be substituted,—

"(lD) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,—

"(b) in section 12, for sub-section (10), the following sub-section shall be substituted, namely:—

(10) In the event of a temporary vacancy occuring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties." .

*Clause 9*

(i) In sub-clause (a) for item(lD) the following item shall be substituted,—

"(lD) The Chancellor may submit resignation in writing to the Government."

(ii) In sub-clause (b) for item (ii), the following item shall be substituted,—

"(ii) after sub-section (6), the following sub-section shall be substituted, namely:—

(6A) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties." .

വൈസ്-ചാൻസലർ ഒരു ദിവസം ലീവിൽ പോയാൽ സെർച്ച് കമ്മിറ്റി കൂടി ചാർജ് കൊടുക്കാൻ സാധിക്കില്ലെന്നും, അതിനാൽ വൈസ്-ചാൻസലറുടെ ഒഴിവ് വന്നാൽ ചാൻസലർ, പ്രോ-ചാൻസലറുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണം വരുത്തുന്നതാണ് പുതിയ മാറ്റമെന്ന് ചർച്ചാവേളയിൽ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണെന്നും ഉള്ള ഭേദഗതി ഉൾപ്പെടുത്താവുന്നതാണെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി ഇതോടൊപ്പം കൂട്ടിച്ചേർത്തു.

ഓരോ സർവ്വകലാശാലയുടെയും സ്വഭാവത്തിലും ഘടനയിലും വ്യത്യാസമുണ്ടെന്നും, പ്രോ-വൈസ്-ചാൻസലർ ഇല്ലാത്തിടത്ത് വൈസ്-ചാൻസലർ മാറിക്കഴിഞ്ഞാൽ പ്രോ-വൈസ്-ചാൻസലർക്ക് ഉത്തരവാദിത്തം എന്ന് എഴുതിവച്ചിട്ട് കാര്യമില്ലെന്നും സർവ്വകലാശാല ആക്ടിൽ അങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ സാധിക്കില്ലല്ലോയെന്നും ബഹു. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചപ്പോൾ, അതാണ് മാറ്റിയതെന്നും മറ്റ് മൂന്ന് സർവ്വകലാശാലകളിൽ ഈ പ്രശ്നമുണ്ടെന്നും, സർക്കാരിന് രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് ചാൻസലർക്ക്, ഉദ്യോഗം രാജിവയ്ക്കാവുന്നതാണെന്ന രീതിയിൽ ഒരു ഭേദഗതി കൂടി വരുത്തിയിട്ടുണ്ടെന്നും ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മറുപടി നൽകി.

The University Laws (Amendment) (No. 2) Bill, 2022 മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. വി. ഇബ്രാഹിം, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, എ. പി. അനിൽ കുമാർ, പി. കെ. ബഷീർ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

II 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

(ഫയൽ നം. 21973/സബ്.സി.ഇ 1/2022/നി.സെ.)

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലിലെ 2, 3, 4, 5, 6, 7 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതി നിർദ്ദേശിക്കുകയും ആയത് സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

" (ബി) 11-ാം വകുപ്പിൽ (16)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(16) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

ഖണ്ഡം 3

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

" (ബി) 33-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(11)വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

ഖണ്ഡം 4

(i)(എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിന പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ii) (9-ാം ) ഉപവകുപ്പിന ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

## ഖണ്ഡം 5

(i)(എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിന പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ii) (7-ാം ) ഉപവകുപ്പിന ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(7 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

## ഖണ്ഡം 6

(i)(എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിന പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ii)(6-ാം ) ഉപവകുപ്പിനശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

ഖണ്ഡം 7

(i)(എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

"(1 ഡി)ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

"(ii) 11-ാം വകുപ്പിൽ (10-ാം ) ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

പ്രസ്തുത ബില്ലിന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. വി. ഇബ്രാഹിം, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 6.35 ന് പിരിഞ്ഞു.

## 8. 14-2-2023- ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി (ഗൂഗിൾ മീറ്റ്) അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും (ഗൂഗിൾ മീറ്റ്) താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി.വി. ഇബ്രാഹിം
3. ശ്രീ. കെ.എം. സച്ചിൻദേവ്
4. ശ്രീ. ടി.ഐ. മധുസൂദനൻ
5. ശ്രീ. എം.എസ്. അരുൺ കുമാർ (ഗൂഗിൾ മീറ്റ്)
6. ശ്രീ. മുഹമ്മദ് മുഹസിൻ (ഗൂഗിൾ മീറ്റ്)
7. ശ്രീ. ഷാഫി പറമ്പിൽ (ഗൂഗിൾ മീറ്റ്)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ശ്രീകുമാർ എം.എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജീവൻ ബാബു കെ., ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി വി. വിഘ്നേശ്വരി, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കൊളിജിയറ്റ് എഡ്യൂക്കേഷൻ
3. ശ്രീമതി കാഞ്ചന ടി., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
5. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീ. അജയൻ സി., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

7. ശ്രീ. അനിൽകുമാർ വി.എസ്., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യസ വകുപ്പ്.

8. ശ്രീ. ജനാർദ്ദനൻ കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

9. ശ്രീ. മുഹമ്മദ് ഹനീഫ എം. എം., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

10. ശ്രീ. മനോഹരൻ പി.വി., ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്

11. ഡോ. സത്യൻ എം., ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

12. കേണൽ ആസാദ്, ഡയറക്ടർ, എൻ.സി.സി. ഡയറക്ടറേറ്റ്

13. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

14. ശ്രീ. മുരുകൻ കാട്ടാക്കട, ഡയറക്ടർ, മലയാളം മിഷൻ

15. ഡോ. മ്യൂസ് മേരി ജോർജ്, ഡയറക്ടർ ആന്റ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

16. ശ്രീമതി ഒലീന എ.ജി., ഡയറക്ടർ, സാക്ഷരതാ മിഷൻ

17. ശ്രീമതി ജെൻസി വർഗ്ഗീസ്, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ്

18. ഡോ. ജയപ്രകാശ് ആർ.കെ., ഡയറക്ടർ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (SCERT)

19. ഡോ. സുനിൽ വി.ടി., ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് കേരള (SIEMAT)

20. ഡോ. രാജൻ വർഗ്ഗീസ്, മെമ്പർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ

21. ശ്രീ അൻവർ ഹുസൈൻ എൽ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇൻചാർജ്ജ്) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), തിരുവനന്തപുരം.

22. ഡോ. ബൈജു ബായ് ടി. പി., ഡയറക്ടർ, (ഇൻചാർജ്ജ്) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ.

23. ശ്രീ. ഷിബു എബ്രഹാം, ഡയറക്ടർ (ഇൻചാർജ്ജ്), കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, കോട്ടയം.

24. ശ്രീമതി സീന എ.എൻ., അഡീഷണൽ ഡയറക്ടർ, കായികയുവജനകാര്യ ഡയറക്ടറേറ്റ്.

25. ശ്രീ. എ. പ്രവീൺ, രജിസ്ട്രാർ, എ.പി.ജെ. അബ്ദുൽകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി.

26. ഡോ. ഡിമ്പി വി. ദിവാകരൻ, രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി.

27. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്.

28. ഡോ. ആർ. ബിജു കുമാർ, പ്രിൻസിപ്പാൾ, ഗവ. ലോ കോളേജ്, തിരുവനന്തപുരം.

29. ഡോ. എൻ. കൃഷ്ണകുമാർ, പ്രിൻസിപ്പാൾ, ഗവ. ലോ കോളേജ്, കോഴിക്കോട്.

30. ശ്രീ. അബ്ദുൽ റസാഖ് കെ., ഫിനാൻസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല

31. ശ്രീ. ബാലഗോപാൽ കെ.കെ. , അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ.

32. ശ്രീ. വി. കെ. മധു, സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

33. ശ്രീ. എബ്രഹാം മാത്യൂ, സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

34. ശ്രീ. ആർ. മഹാദേവൻ, ഫിനാൻസ് ഓഫീസർ, കേരള സർവ്വകലാശാല

35. ശ്രീ. ബിജു മാത്യൂ, ഫിനാൻസ് ഓഫീസർ, എം.ജി. സർവ്വകലാശാല

36. ശ്രീ. സുനിൽ കുമാർ എസ്., ഫിനാൻസ് ഓഫീസർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല , കാലടി.

37. ശ്രീ. സുധീർ എം.എസ്., ഫിനാൻസ് ഓഫീസർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

38. ശ്രീ. ശിവപ്പ പി., ഫിനാൻസ് ഓഫീസർ, കണ്ണൂർ സർവ്വകലാശാല

39. ശ്രീ. ബിജു ജോർജ്ജ് കെ., ഫിനാൻസ് ഓഫീസർ, കാലിക്കറ്റ് സർവ്വകലാശാല.

40. ശ്രീ. ആർ. എസ്. ഷിബു, അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള.

സമിതി 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽവരുന്ന പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, സാംസ്കാരിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-102-99-01-4—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ്- ശമ്പളം- മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

5849 എയ്ഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകരുൾപ്പെടെ 66006 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-95—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-93-02-4—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം -വേതനം-കൺസോളിഡേറ്റഡ് പേ

പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-104-99—<u>പരിശോധന</u>

05-2—<u>ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

06—<u>വാടക, കരം, നികുതി</u>

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ മുൻവർഷങ്ങളിലെ വൈദ്യുതി ചാർജ് കുടിശ്ശിക, വാടകയിനത്തിലുള്ള കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-107-90—<u>ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (ഡയറ്റ്) (60% സി.എസ്.എസ്.)</u>

04-4—<u>യാത്രാച്ചെലവുകൾ -അവധി യാത്രാനുകൂല്യം</u>

ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗിലെ ജീവനക്കാരുടെ എൽ.റ്റി.സി. തുക നൽകുന്നതിനായി 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-96-03—<u>സർവ്വശിക്ഷാ കേരള പ്രോജക്റ്റ് ഡയറക്ടറേറ്റ് - സമഗ്ര ശിക്ഷ കേരളയ്ക്ക് സംസ്ഥാനത്തിന്റെ അധിക സഹായം</u>

സമഗ്രശിക്ഷാ, കേരളം സ്റ്റേറ്റ് ഓഫീസ് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമായതിനാൽ 6.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—<u>സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയ തദ്ദേശസ്വയംഭരണ വിഹിതം</u>

സമഗ്രശിക്ഷാ കേരള-കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74% തുക പ്രാഥമിക വിദ്യാഭ്യാസത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നല്കുന്നത്. ഈ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആദ്യഗഡു അനുവദിക്കുകയുള്ളൂ. ആയതിനാൽ പദ്ധതി ഇനത്തിൽ 280 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-95-01-02—<u>അദ്ധ്യാപനം ശക്തിപ്പെടുത്തൽ-സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും (സ്റ്റാർസ്) (സമഗ്രശിക്ഷാ കേരള മുഖാന്തിരം നടപ്പാക്കൽ) (60% സി.എസ്.എസ്.)</u>

01—<u>കേന്ദ്രവിഹിതം</u>

അദ്ധ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 180 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02—<u>സംസ്ഥാന വിഹിതം</u>

അദ്ധ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 120 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90 -01—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമാൺ- കേന്ദ്രവിഹിതം</u>

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90-02—<u>സംസ്ഥാന വിഹിതം</u>

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-191-50—<u>കോർപ്പറേഷനുകൾക്കുള്ള സഹായം- റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

കോർപ്പറേഷൻ മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47.36050 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം- റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

മുനിസിപ്പാലിറ്റികൾ മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.4279215 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-196-50—<u>ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം- റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ജില്ലാ പഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 74.03126 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-198-50—<u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ഗ്രാമപഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.52728 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-98—<u>മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)</u>

14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വൈദ്യുതി ചാർജ്, മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റ പണിയും, വാഹനത്തിന്റെ ഇന്ധന ചെലവ് എന്നിവയുടെ കുടിശ്ശിക തുക നൽകുന്നതിനായി 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-004-95—<u>കേരള വിദ്യാഭ്യാസ ചരിത്ര മ്യൂസിയവും പരിശീലന കേന്ദ്രവും</u>

മ്യൂസിയത്തിനാവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കൽ, മെറ്റിരീയലുകൾ ശേഖരിക്കുന്നതിനുള്ള ചെലവുകൾ, പരിശീലന കേന്ദ്രവും മ്യൂസിയവും സ്ഥാപിക്കൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-101-99—പരിശോധന - ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

01-4—ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

05-2—ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുകയും വൈദ്യുതി ചാർജ് ഇനത്തിലുള്ള കുടിശ്ശിക തുകയും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-105-95—<u>അദ്ധ്യാപക പരിശീലനം-ഫാക്കൽറ്റി വികസനം ഉൾപ്പെടെയുള്ള അക്കാദമിക് പ്രോഗ്രാം മെച്ചപ്പെടുത്തൽ</u>

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിനുള്ള പരിശീലന പരിപാടികൾ നടത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-106-99—<u>പാഠപുസ്തകങ്ങൾ - പാഠപുസ്തക പ്രസിദ്ധീകരണം</u>

പാഠപുസ്തക ഓഫീസിലെ മുൻവർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 31.3771763 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-107-95-12—<u>സ്കോളർഷിപ്പുകൾ - സൈനിക സ്കൂളുകൾക്കുള്ള സ്കോളർഷിപ്പ് - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

സൈനിക സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പും യൂണിഫോം അലവൻസും ഭക്ഷണത്തിനുമായി അധിക തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 2.6236 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-108-99—പരീക്ഷകൾ - പരീക്ഷാ വിഭാഗം

പരീക്ഷയുമായി ബന്ധപ്പെട്ട ഓഫീസ് ചെലവ്, വാടക, കരം, നികുതി, തൊഴിൽപരവും പ്രത്യേകവുമായ സേവനത്തിനുമുള്ള പ്രതിഫലം, രഹസ്യ സേവന ചെലവ്, ചെറുകിട മരാമത്ത് പണികൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.2125 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-99-04-4—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ-യാത്രാച്ചെലവുകൾ-അവധി യാത്രാനുകൂല്യം

സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ 24191 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ അവധിയാത്രാ ആനുകൂല്യം ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-75—സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 2022-23 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളുടെ തുക നൽകുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-74—ഹയർ സെക്കണ്ടറി വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും പ്രാഥമിക പരിശീലനം നൽകുന്നതിനും കൂടുതൽ വിദ്യാർത്ഥികളിലേക്ക് പദ്ധതിയുടെ പ്രവേശനം എത്തിക്കുന്ന തിനുമായി 21.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-71—അക്കാദമിക് എക്സലൻസ്

സ്കൂളുകളിൽ ഗണിതശാസ്ത്രം, സയൻസ്, സാമൂഹ്യ ശാസ്ത്രം എന്നിവയുടെ ഉപജില്ല തലത്തിലും റവന്യൂ ഡിസ്ട്രിക്ട് തലത്തിലുമായുള്ള ശാസ്ത്ര മേളകളുടെ നടത്തിപ്പിനും ക്ലബുകളുടെ പ്രവർത്തനത്തിനും അറബിക്, ഉറുദു ഭാഷാവികസന പരിപാടികൾക്കും അധിക തുക ആവശ്യമാണ്. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി, പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.51623 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-66—<u>തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും അടിസ്ഥാന സൗകര്യവികസനം</u>

ഡെയ്‌ലി വേജസ് ശീർഷകത്തിൽ 9 അദ്ധ്യാപകർക്ക് 1 വർഷത്തിലെ തുക നൽകുന്നതിനായും, ടി. എ. തുക, എൽ.റ്റി.സി., വാട്ടർ ചാർജ്, വൈദ്യുതി ചാർജ്, വാടക, കരം, കുടിശ്ശിക എന്നിവ നൽകുന്നതിനായും 1.2994 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-63—<u>സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി (വിദ്യാകിരണം)</u>

മിഷനിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് സംബന്ധമായ വണ്ടി വാടക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള സഹായം</u>

ജില്ല/ഉപജില്ല സ്പോർട്സ് മീറ്റുകൾ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ എന്നിവ നടത്തുന്നതിനായും, ദേശീയ ചാമ്പ്യൻഷിപ്പിലെ പങ്കാളിത്തം, സംസ്ഥാനതല സ്കൂൾ കായിക മേളയുടെ നടത്തിപ്പിനായി സ്പോർട്സ് സെക്ഷനിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-191-50—<u>മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

കോർപ്പറേഷൻ മുഖാന്തിരം സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 37.1220 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

മുനിസിപ്പാലിറ്റി മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.3320735 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.0601985 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-800-78—കഴക്കൂട്ടം സൈനിക സ്കൂളിനുള്ള സ്പെഷ്യൽ ഗ്രാന്റ്

കഴക്കൂട്ടം സൈനിക സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പും യൂണിഫോം അലവൻസും ഭക്ഷണത്തിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-800-47—ഐ.ടി. @ സ്കൂൾ പദ്ധതി (കൈറ്റ്)

മുൻവർഷങ്ങളിൽ സ്കൂളുകളിൽ ലഭ്യമാക്കിയ ലാപ്ടോപ്പുകളുടെ 5 വർഷത്തെ വാറണ്ടി 2023 ജനുവരി മുതലുള്ള മാസങ്ങളിൽ തീരുന്നതിനാൽ ഇവയുടെ വാർഷിക പരിപാലന ചെലവ് നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-04-103-98—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (എൽ.ഇ.എ.പി. കേരള മിഷൻ)

സമന്വയ-ട്രാൻസ്ജൻഡേഴ്സിനുള്ള തുടർ വിദ്യാഭ്യാസ പദ്ധതി, ബ്രെയ്‌ലി ലിറ്ററസി, സൈബർ ലിറ്ററസി, സാക്ഷരതാരംഗത്തെ കലാകാരന്മാർക്കുള്ള പദ്ധതി, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സാക്ഷരതാ പദ്ധതി, സാമൂഹ്യസാക്ഷരത തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 8.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) - സഹായധനം -ശമ്പളേതരം

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ടീച്ചർ ടെക്സ്റ്റുകൾ, പാഠപുസ്തകങ്ങൾ ക്കനുസൃതമായി ഡിജിറ്റൽ വിഭവങ്ങൾ, രക്ഷാകർത്താക്കൾക്കുള്ള കൈപുസ്തകം എന്നിവയുടെ തയ്യാറാക്കൽ, കേരളത്തിലും ദേശീയ അന്തർദേശീയ തലത്തിലും വിദഗ്ദ്ധർ ഉൾപ്പെടെ

പങ്കെടുക്കുന്ന നിരവധി ശില്പശാലകൾ എന്നിവ സംഘടിപ്പിക്കേണ്ടതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

എസ്.സി.ഇ.ആർ.ടി.-യുടെ തനത് ഫണ്ട് കമ്മി ആയതിനാൽ ജീവനക്കാരുടെ 2023-24 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-201-91—<u>സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായം</u>

സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-202-93—<u>അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം</u>

സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിനായും സംസ്ഥാനത്തെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-202-79—സ്കൂൾ വിദ്യാഭ്യാസം - നവീകരണം

ടെക്സ്റ്റ് ബുക്ക് ഡിപ്പോകളുടെ സ്ഥിതി വളരെ ശോചനീയമായതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ടോയ്‌ലറ്റ് നവീകരിക്കുന്നതിനായും എഡ്യൂക്കേഷൻ കോംപ്ലക്സ് നിർമ്മാണത്തിനായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

2202-03-102-99-31—<u>സർവ്വകലാശാലകൾക്കുള്ള സഹായം - കേരള സർവ്വകലാശാല - സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 112.8490 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 62.5930 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യൂണിവേഴ്സിറ്റിയുടെ കണ്ടിജൻസി ഫണ്ടിൽ നിന്നും പദ്ധതികളുടെ നടത്തിപ്പിലേക്കായി ചെലവഴിച്ച തുക സർവ്വകലാശാല കണ്ടിജൻസി ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനും, പരീക്ഷാ നടത്തിപ്പുകൾക്കും, അക്കാദമിക്/വികസന പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 16.6407626 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 155.7492 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 8.55 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-95—<u>ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസം നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പഠന സാമഗ്രികൾ തയ്യാറാക്കുന്നതിനും അച്ചടിക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 26.2100 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 11.26 കോടി രൂപയും 35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന ഉപശീർഷകത്തിൽ 62.30 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-93—<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 83.0359 കോടി രൂപയും നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, അദ്ധ്യാപകരുടെ ക്വാർട്ടേഴ്സ്, കുട്ടികളുടെ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണിച്ചറുകൾ, ഓഫീസ് ഓട്ടോമേഷൻ പൂർത്തീകരണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 39.82 കോടി രൂപയും നിലവിലുള്ള ബാദ്ധ്യതകൾ തീർക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രത്യേക ഗ്രാന്റായി പദ്ധതിയേതരയിനത്തിൽ 1.322735 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല ധനസഹായം</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—സഹായധനം - ശമ്പളേതരം

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 39.1680 കോടി രൂപയും പദ്ധതികളുടെ പൂർത്തീകരണത്തിനും അവയുടെ നടത്തിപ്പിനുമായി പദ്ധതിയിനത്തിൽ 10.28 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-77-36—<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)-സഹായധനം - ശമ്പളേതരം</u>

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 3.95 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-72—<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹന വാടക, ഇന്ധനം എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 12.6301 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ഭൗതിക സൗകര്യവികസനം, ഭരണപരമായ ആധുനീകരണം, വള്ളത്തോൾ ചെയർ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35-മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 2.4772 കോടി രൂപയും '36- സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.4528 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-92—<u>തിരുവനന്തപുരം ലോ കോളേജ്</u>

34 - 3—<u>മറ്റുചെലവുകൾ - മറ്റിനം</u>

ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലേക്ക് പോകുന്ന റോഡിന്റെ ഇടത് വശത്തുള്ള മതിൽ പുനർ നിർമ്മിക്കുന്നതിനായി പദ്ധതിയിനത്തിൽ 1.2074 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-90—എറണാകുളം ലോ കോളേജ്

05 -2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വൈദ്യുതിയുടെ ഉപഭോഗവും വൈദ്യുതി നിരക്കിൽ വന്ന വർദ്ധനവും മൂലം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 20,000/- രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-89—കോഴിക്കോട് ലോ കോളേജ്

04-4—യാത്രാച്ചെലവുകൾ-അവധിയാത്രാനുകൂല്യം

കോഴിക്കോട് ലോ കോളേജിലെ 3 ജീവനക്കാരുടെ എൽ.റ്റി.സി. ബില്ലുകൾ പെൻഡിംഗിലായതിനാൽ പദ്ധതിയേതരയിനത്തിൽ 1.90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

04 -1—യാത്രാച്ചെലവുകൾ-യാത്രാബത്ത

05 -2—വൈദ്യുതി ചെലവ്

തൃശ്ശൂർ ലോ കോളേജിന് കൂടുതൽ മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതിനാൽ യാത്രാബത്തയിനത്തിൽ 20,000 രൂപയും വൈദ്യുതി ബിൽ കൂടുതലായതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 1 ലക്ഷം രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 1.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്)

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. റൂസ ഫണ്ട് ഇനത്തിൽ 40% സംസ്ഥാന വിഹിതം അധികരിച്ച് ശമ്പള ഇനത്തിൽ ചെലവായ തുക ബഡ്ജറ്റ് വിഹിതത്തിന് പുറമേ വകയിരുത്തുവാനായി 4.8045 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

പുതിയ പദ്ധതികളും പ്രോഗ്രാമുകളും വിഭാവനം ചെയ്യുന്നതിനാൽ ഇ-ജേർണൽ കൺസോർഷ്യം, അദ്ധ്യാപക പരിശീലന പരിപാടി (FDP), ആസ്ഥാനമന്ദിര നിർമ്മാണം,

ബഹു. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 82.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-105-97-02—<u>അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി.) (എഫ്.എ.പി.)</u>

അസാപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, പരിപാലനം, തൊഴിൽ നൈപുണ്യ പരിശീലനം, സെന്റർ ഓഫ് എക്സലൻസിന്റെ സ്ഥാപനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 74.6407 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-04-001-93—<u>തുടർവിദ്യാഭ്യാസ കേന്ദ്രം</u>

മൂന്നാർ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ശമ്പള വിതരണത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-800-45—<u>കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്സ്</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിൽ പുതിയ അദ്ധ്യാപകരെയും ഓഫീസ് ജീവനക്കാരെയും നിയമിക്കുവാനും അക്കാഡമിക് ആവശ്യങ്ങൾക്കായും, ഫിലിം ഫെസ്റ്റിവൽ, ലാൻഡ് അക്വിസിഷൻ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മൂലധന ആസ്തികളുടെ രൂപീകരണം, ശമ്പളേതരം എന്നീ ചെലവുകൾക്കായി '45-31', '45-35'', '45-36' എന്നീ ഉപശീർഷകങ്ങളിൽ പദ്ധതിയിനത്തിൽ യഥാക്രമം 66.75 ലക്ഷം രൂപയും 14.16 കോടി രൂപയും 4.0825 കോടി രൂപയും പദ്ധതിയേതരയിനത്തിൽ '45-31', '45-36' എന്നീ ഉപശീർഷകങ്ങളിൽ യഥാക്രമം 1.8058 കോടി രൂപയും 2.4849 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-001-93—<u>വകുപ്പിന്റെ ശക്തിപ്പെടുത്തൽ</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് മേഖലാ ഓഫീസുകൾ, പരീക്ഷാ വിഭാഗം എന്നിവയുടെ വികസനത്തിനും കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്ററിലെ മാനവശേഷി വികസനത്തിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-003-89—<u>അദ്ധ്യാപന-പഠന പ്രക്രിയ മെച്ചപ്പെടുത്തലും നൈപുണ്യ വിടവ് കുറയ്ക്കലും</u>

എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും ഫാക്കൽറ്റി വികസനം, അക്കാദമിക് സ്റ്റാഫ് കോളേജ്, SHE പദ്ധതിയുടെ വികസനം തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-99—കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

31—സഹായധനം - ശമ്പളം

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - ശമ്പളേതരം</u>

36—<u>സഹായധനം - ശമ്പളേതരം</u>

പ്രവേശന പരീക്ഷാനടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, യു.ജി.സി/എ.ഐ.സി.ടി.ഇ. പേ റിവിഷൻ, ഡി.എ. അരിയർ, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 137.6730 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനായി '35-മൂലധന ആസ്തികൾ സൃഷ്ടിക്കൽ' എന്ന ഉപശീർഷകത്തിൽ 4.2405 കോടി രൂപയും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനും സുരക്ഷാനടപടികൾ

സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനുമായി '36—സഹായധനം-ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.8595 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 207.3770 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ ശമ്പളേതര ആവർത്തന ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 75.7886 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

31—സഹായധനം - ശമ്പളം

ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി 'സഹായധനം - ശമ്പളം' എന്ന ഉപശീർഷകം 31-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 39.1204 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99-06—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം- വാടക, കരം, നികുതി

വിവിധ ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 5 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-104-95—വ്യവസായിക സ്കൂളുകൾ

31—സഹായധനം - ശമ്പളം

മുൻവർഷത്തെ സഹായധന കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-108-99—<u>പരീക്ഷകൾ - പരീക്ഷാവിഭാഗം</u>

21—<u>മോട്ടോർ വാഹനങ്ങൾ</u>

2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഓഫീസ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6.50 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-72—<u>സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിനത്തിൽപ്പെട്ട വിവിധ ഘടകങ്ങളുടെ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 5.3140 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-60—<u>ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)</u>

31—<u>സഹായധനം - ശമ്പളം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ് എന്നിവ നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ '31-സഹായധനം - ശമ്പളം' എന്ന ഉപശീർഷകത്തിൽ 93.8869 കോടി രൂപയും '36-സഹായധനം - ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.2541 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും, ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റേഴ്സ്, സ്കിൽ ഡെവലപ്മെന്റ് കേന്ദ്രം മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതിയിനത്തിൽ 31.95 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, തിരുവനന്തപുരം സെന്ററിന്റെ പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനും കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഇൻഡോർ സ്റ്റേഡിയ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ, കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ അക്കാഡമിക് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും മലപ്പുറം എൽ.ബി.എസ്. ഐ.ഐ.റ്റി.-ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നിലവിൽ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 60.51 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം

36—സഹായധനം - ശമ്പളേതരം

സെന്ററിന്റെ വികസനത്തിന്റെ ഭാഗമായി പാക്കേജിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും, ഒരു സിംഗിൾ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും ഹെഡ് ഓഫീസിലും ഉപകേന്ദ്രങ്ങളിലും ഇ-ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഒരുക്കുന്നതിനുമായി പദ്ധതിയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-102-99-34—നാഷണൽ കേഡറ്റ് കോർപ്സ് - മറ്റു ചെലവുകൾ

3—മറ്റിനം

2022-23 സാമ്പത്തിക വർഷം എൻ.സി.സി. ക്യാമ്പുകൾ 10 ദിവസത്തിൽ നിന്നും 8 ദിവസമായി കുറച്ചിരുന്നു. എന്നാൽ ഇത് 2023-24 മുതൽ 10 ദിവസമായി

പുനഃസ്ഥാപിച്ചിരിക്കുകയാണ്. ആയതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-102-76—<u>ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവ്വീസ് സ്കീം-വോളന്റിയേഴ്സിനുള്ള സഹായം</u>

ദേശീയ ആഘോഷമായ റിപ്പബ്ലിക് ഡേ പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളന്റിയർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും ട്രാക്ക്സ്യൂട്ട്, ഷൂസ് എന്നിവ വാങ്ങി നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 50,000/- രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-102-74—<u>സംസ്ഥാന എൻ.എസ്.എസ്. അവാർഡുകൾ</u>

അവാർഡ് വിതരണത്തിനും മെമെന്റോ, ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 5.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31—<u>സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ, കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

ലൈബ്രറികൾക്ക് പുസ്തകം, ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, കമ്പ്യൂട്ടർ വത്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 40.90 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-105-96—<u>ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്</u>

കോഴ്സ് നടത്തിപ്പിനുള്ള തുക 51,350/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും ബഡ്ജറ്റ് വിഹിതത്തിൽ പ്രസ്തുത തുക മുഴുവൻ അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 15,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203 -70-70—<u>പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവ്വകലാശാലയുടെ പുതിയ ക്യാമ്പസും ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലിറ്റികളും)</u>

മൂലധന ആസ്തികളുടെ രൂപീകരണവും ഭൗതിക സൗകര്യ വികസനത്തിനുമായി 147.5 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104 -99—<u>പോളിടെക്നിക്കുകൾ- കെട്ടിടങ്ങൾ</u>

സർക്കാർ പോളിടെക്നിക്കുകളിൽ നടന്നുവരുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3.90 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202- 02-105-81—<u>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനം</u>

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിലവിൽ നടന്നുവരുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

2202-03-112-95—<u>സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്</u>

31—<u>സഹായധനം- ശമ്പളം</u>

സി.ഡി.എസ്സി-ലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.6711 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98-36—<u>സംസ്ഥാന സർവ്വവിജ്ഞാനകോശം പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം</u>

2023-24 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, പേ റിവിഷൻ കുടിശ്ശിക, ടെർമിനൽ സറണ്ടർ,

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത അഡ്വാൻസ് തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.66 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്- സഹായധനം - ശമ്പളേതരം

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, തളിര് മാസികയുടെ പ്രസിദ്ധീകരണത്തിനും ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്- സഹായധനം - ശമ്പളേതരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബുക്ക് സ്റ്റാളുകളുടെ നവീകരണം, കേരള ഭാഷാ നിഘണ്ടുവിന്റെ പുതിയ പതിപ്പിന്റെയും ഇ-ബുക്കിന്റെയും പ്രസിദ്ധീകരണം, വിജ്ഞാനമുദ്രണം പ്രസ്സിന് പുതിയ കെട്ടിട നിർമ്മാണം, സെമിനാറുകൾ, ശില്പശാലകൾ, പ്രദർശനങ്ങൾ എന്നിവ നടത്തുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം/വേതനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.24 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി-ധനസഹായം- സഹായധനം - ശമ്പളേതരം

കേരള സ്റ്റേറ്റ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ പബ്ലിഷിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും പ്രശസ്തരായ എഴുത്തുകാരുടെ ജീവിതം മുൻനിർത്തിയുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്നതിനും, പ്രഗത്ഭരായ ഭാഷാ സാഹിത്യ അധ്യാപകരുടെ ക്ലാസ്സുകൾ പുനരാവിഷ്കരിച്ച് അടുത്ത തലമുറയ്ക്കായി സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-86—<u>മലയാളം മിഷൻ</u>

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങളിലുണ്ടായ വർദ്ധന, ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 13.58 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 60.867 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-02-102-93—<u>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ</u>

എസ്.ഐ.എം.സി. സ്ഥാപനത്തെ അപ്പെക്സ് ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിന്റെ ഭാഗമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക്ശേഷം 1.10-ന് അവസാനിച്ചു.

## 9. 16-2-2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ഫെബ്രുവരി 16-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ, സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവിന്റെ അദ്ധ്യക്ഷതയിൽ യോഗം (ഗൂഗിൾ മീറ്റ്) ചേർന്നു. തദവസരത്തിൽ എക്സ്- ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനം, സാംസ്കാരിക-യുവജനകാര്യം വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും (ഗൂഗിൾ മീറ്റ്), പ്രത്യേക ക്ഷണിതാക്കളായ ബഹു. കായികം, വഖഫ് ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. മുഹമ്മദ് മുഹസിൻ
2. ശ്രീ. കെ.എം. സച്ചിൻദേവ്
3. ശ്രീ. എം. വിജിൻ
4. ശ്രീ. എം.എസ്. അരുൺ കുമാർ (ഗൂഗിൾ മീറ്റ്)
5. ശ്രീ. ഷാഫി പറമ്പിൽ (ഗൂഗിൾ മീറ്റ്)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ശ്രീകുമാർ എം.എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ശ്രീ. ജീവൻ ബാബു കെ., ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
3. ശ്രീമതി കാഞ്ചന ടി., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ. ഷൈൻ എ. ഹഖ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
5 ശ്രീ. ജനാർദ്ദനൻ കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
6. ശ്രീ. മനോഹരൻ പി. വി., ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്
7. ശ്രീ. പ്രേം കൃഷ്ണൻ എസ്., ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്
8. ശ്രീ. മുഹമ്മദ് റിയാസ്, ഡയറക്ടർ, സാംസ്കാരികവകുപ്പ്
9. ശ്രീ. റജികുമാർ ജെ., ഡയറക്ടർ, ആർക്കൈവ്സ്
10. ശ്രീ. പ്രസന്നകുമാർ വി. ഡി., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനകാര്യ ബോർഡ്
11. ശ്രീമതി മായ എൻ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
12. ശ്രീമതി സീന എ.എൻ., അഡീഷണൽ ഡയറക്ടർ, കായികയുവജനകാര്യ ഡയറക്ടറേറ്റ്
13. ശ്രീമതി ഡാർളി ജോസഫ്, സെക്രട്ടറി കേരള സംസ്ഥാന യുവജന കമ്മീഷൻ
14. ശ്രീ. സി. അജോയ്, സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

സമിതി 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന കായികയുവജനകാര്യം, സാംസ്കാരികകാര്യം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## സാംസ്കാരികകാര്യ വകുപ്പ്

2205-00-101-97—കേരള കലാമണ്ഡലം

31—സഹായധനം - ശമ്പളം

പദ്ധതിയിലെ ചെലവുകളുടെ വർദ്ധനവും 7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും 11-ാം ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 8.54 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

കലാമണ്ഡലത്തിലെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 1.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-96—ജവഹർ ബാലഭവൻ

31—ധനസഹായം - ശമ്പളം

ജവഹർ ബാലഭവൻ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.9881911 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

താങ്ങുഭിത്തി നിർമ്മാണം, ഓഫീസ്, ക്ലാസ് റൂം എന്നിവയുടെ അറ്റകുറ്റപ്പണികൾ, സയൻസ് പാർക്കിന്റെ സംരക്ഷണം, ഹൈടെക് ക്ലാസ് മുറികൾ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.7576 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-89—തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം

36—സഹായധനം - ശമ്പളേതരം

തുഞ്ചൻ സ്മാരകത്തിൽ ആരംഭിച്ച ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമിതരായ ഗൈഡ്, ഗവേഷകർ എന്നിവർക്കുള്ള പ്രതിഫലം, സാധന സാമഗ്രികളുടെ ശേഖരണം, സൂക്ഷിപ്പ്, യാത്രാ-താമസ ചെലവുകൾ, സ്മാരകത്തിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ബാലസമാജ ശില്പശാലകൾ, ലൈബ്രറി വികസനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-97—കേരള സാഹിത്യ അക്കാദമി ധനസഹായം 36-സഹായധനം - ശമ്പളേതരം

സാംസ്കാരിക പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.60 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.54 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-91—കേരള ലളിതകലാ അക്കാദമി

36—സഹായധനം - ശമ്പളേതരം

കോഴിക്കോട് ആർട്ട് ഗ്യാലറികളുടെ നിർമ്മാണം, കിളിമാനൂർ രാജാ രവിവർമ്മ സ്മാരക നിലയം - ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, സ്ഥിരം - കരാർ - ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവ സംബന്ധിച്ച ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-90—കേരള സംഗീതനാടക അക്കാദമി

36—സഹായധനം - ശമ്പളേതരം

കേരള സംഗീത നാടക അക്കാദമി നടത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾക്കും നവീകരണത്തിനുമായി പദ്ധതിയിനത്തിൽ 14.0420 കോടി രൂപയും ജീവനക്കാരുടെ നിയമനം, ശമ്പള പരിഷ്കരണം, വേതനം, അംഗങ്ങളുടെ സിറ്റിംഗ് ഫീസ്, വാഹനബത്ത

തുടങ്ങിയവ കാലാനുസൃതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പദ്ധതിയേതര ഇനത്തിൽ 2.6508 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-87—<u>നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

കലാകാര പെൻഷൻ കൈപ്പറ്റുന്ന 2800 കലാകാരന്മാർക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 47.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-86—<u>കഥകളി പരിശീലനം - മാർഗി</u>

36—<u>സഹായധനം - ശമ്പളേതരം</u>

ആട്ടക്കഥകൾ കൃത്യമായി ചൊല്ലിയാടി അരങ്ങുകളിൽ അവതരിപ്പിക്കുന്നതിനും അവധി ദിവസങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി/കൂടിയാട്ടം വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി തുടങ്ങിയ വിഷയങ്ങളിൽ സൗജന്യ ക്ലാസ്സുകൾ നടത്തുന്നതിനും, മാർഗിയിൽ ഉപരിപഠനം നടത്തുന്നവർക്ക് പരിശീലനം നൽകുന്നതിനും, പാർശ്വ വൽക്കരിക്കപ്പെട്ട കുട്ടികൾക്ക് സൗജന്യ വാദ്യ പരിശീലനം നൽകുന്നതിനും മാർഗിയിലെ ഗ്രന്ഥശാലയിൽ ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-82—<u>തിരുവനന്തപുരം ഭാരത് ഭവൻ</u>

36—<u>സഹായധനം - ശമ്പളേതരം</u>

സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, വാഹന വാടക, മറ്റ് ഓഫീസ് ചെലവുകൾ മുതലായ പദ്ധതിയേതര ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.755 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 43.68 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം - വട്ടിയൂർക്കാവ്

36—സഹായധനം - ശമ്പളേതരം

സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റ് ഭരണച്ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേള

28-ാമത് ഐ.എഫ്.എഫ്.കെ. സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-74—കേരള നാടൻകലാ അക്കാഡമി

36—സഹായധനം - ശമ്പളേതരം

അക്കാഡമി ആസ്ഥാനം സന്ദർശിക്കുന്നവർക്ക് ആവശ്യമായ ശൗചാലയങ്ങൾ, വിശ്രമമുറികൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ 1 കോടി രൂപയും അക്കാഡമിയിലെ 6 സ്ഥിരം ജീവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-68—വാസ്തുവിദ്യാ ഗുരുകുലം

36—സഹായധനം - ശമ്പളേതരം

പ്രകൃതി സൗഹൃദ നിർമ്മാണ വിദ്യയുടെ ഗവേഷണം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് കാർബൺരഹിത നിർമ്മാണ സാമഗ്രികളുടെ പ്രചരണം, ഖരമാലിന്യങ്ങളുടെ റീസൈക്ലിംഗ്, കേരളീയ പാരമ്പര്യ കരകൗശല ഉല്പന്നങ്ങളുടെ വികസനവും കരകൗശല കലാകാരന്മാരുടെ പരിപോഷണത്തിനുമായി പദ്ധതിയിനത്തിൽ 72 ലക്ഷം രൂപയും ജീവനക്കാരുടെയും കലാകാരന്മാരുടെയും ശമ്പളത്തിനും വേതനത്തിനും മറ്റുമായി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-67—അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള സാമ്പത്തികസഹായം

ഈ പദ്ധതി പ്രകാരം ചികിത്സാധനസഹായം ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകരുടെ എണ്ണത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-66 —കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

31—സഹായധനം - ശമ്പളം

ചലച്ചിത്ര അക്കാദമി ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നിരിക്കെ അക്കാദമിയിലെ സ്ഥിരം/കരാർ/ദിവസവേതനജീവനക്കാരുടെ ശമ്പളം, വേതനം മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സിനിമാ രംഗത്തെ സാങ്കേതിക മേഖലയിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനും അക്കാദമിയുടെ ഗവേഷണ കേന്ദ്രമായ സിഫ്രയുടെ അടിസ്ഥാന സൗകര്യ വികസനം, ഫാക്കൽറ്റികൾക്കുള്ള ഓണറേറിയം, വിനോദസഞ്ചാരത്തിന് ഉത്തേജനം പകരുന്നതിനായി കേരളത്തിലെ വിനോദ സഞ്ചാര മേഖലകളെ ഷൂട്ടിംഗ് ലൊക്കേഷനുകളുടെ ഭാഗമാക്കി ഷൂട്ടിംഗിന് അനുമതി ലഭിക്കുന്നതിനായി ഏകജാലക സംവിധാനം ഒരുക്കുന്നതിനും മറ്റുമായി വിദേശ രാജ്യങ്ങളിൽ മലയാള ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും, സിനിമാ ടൂറിസവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികൾ സംഘടിപ്പിക്കുന്നതിനും ചലച്ചിത്ര പൈതൃക സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ്, സംസ്ഥാന ടെലിവിഷൻ അവാർഡ് എന്നിവയുൾപ്പെടെ അക്കാദമിയുടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.50 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 1.75 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-65—മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി

33—സബ്സിഡികൾ

മലയാള ചലച്ചിത്ര നിർമ്മാണത്തിനുള്ള സബ്സിഡി നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാഡമി

36—സഹായധനം - ശമ്പളേതരം

ഗ്രാന്റിന്റെ കുറവ് കാരണം മന്ദഗതിയിലായതും പാതി വഴിയിൽ നിർത്തിവച്ചതുമായ അക്കാഡമിയുടെ നിരവധി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പുനരാരംഭിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5.21 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 79 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

36—സഹായധനം - ശമ്പളേതരം

മഹാകവി അവസാനം രചിച്ച 'കരുണയുടെ' ശതാബ്ദി ആഘോഷം, ആശാന്റെ ചരമ ശതാബ്ദി ആചരണം, നിർമ്മാണം പുരോഗമിക്കുന്ന ആശാൻ സൗധത്തിന്റെ ഭൗതിക സൗകര്യമൊരുക്കൽ, ആശാൻ വ്യാഖ്യാനകോശം നിർമ്മിതിയുടെ ആരംഭം, ലൈബ്രറി വികസനം, മഹാകവി കുമാരനാശാന്റെ നൂറ്റിഅമ്പതാം ജന്മവാർഷികാഘോഷ പരിപാടി കളുടെ സമാപനം, ആശാൻ കവിതകളുടെ ഓഡിയോ റെക്കോഡിംഗ് എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 46 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം-ആവർത്തിക്കാത്തത്

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും അനാവർത്തന ധനസഹായം നൽകുന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-40—<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം</u>

36—<u>സഹായധനം - ശമ്പളേതരം</u>

വൈലോപ്പിള്ളി സംസ്കൃതിഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയം, കൂത്തമ്പലം എന്നിവയുടെ നവീകരണം, റെക്കോഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കൽ, ഉദ്യാനത്തിൽ ലൈറ്റ് സംവിധാനം സ്ഥാപിക്കൽ, ശില്പശാലകൾ/ സെമിനാറുകൾ/ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ ജീവനക്കാരുടെ വേതനം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാഹന വാടക, കെട്ടിട/പൂന്തോട്ട നവീകരണം എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 24 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 92.20 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-34—<u>അന്താരാഷ്ട്ര നാടകോത്സവം</u>

ലോക നാടകത്തിന്റെ നവീന പ്രവണതകളും സന്ദേശങ്ങളും പരിചയപ്പെടുത്തി ക്കൊണ്ട് തൃശ്ശൂരിനുപുറമെ പ്രാദേശികാടിസ്ഥാനത്തിലും അന്താരാഷ്ട്ര നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി ഈ ഇനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-32—<u>ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി</u>

36—<u>സഹായധനം - ശമ്പളേതരം</u>

നവകേരള നിർമ്മിതിയുടെ ഭാഗമായി ആവിഷ്കരിച്ച സാംസ്കാരിക പദ്ധതിയായ 'ശ്രീ നാരായണഗുരു വിശ്വദർശന സംഗമം' എന്ന മൂന്ന് ദിവസം നീളുന്ന പദ്ധതിയുടെ പ്രതീക്ഷിത ചെലവ് 15 ലക്ഷം രൂപയാണ്. കൂടാതെ വെള്ളയമ്പലം ശ്രീനാരായണഗുരു പാർക്കിന്റെ മേൽനോട്ട ചുമതലയുള്ള ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്, വെള്ളക്കരം, പൂന്തോട്ട പരിപാലനം തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 9.68 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-31—കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്

10—സംഭാവന

ബോർഡ് ചെയർമാന്റെ ശമ്പളം, യാത്രാബത്ത, മീറ്റിംഗ് ചെലവുകൾ, ജീനക്കാരുടെ വേതനം, വാഹന വാടക, കെട്ടിട വാടക, ഓഫീസ് ഓട്ടോമോഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 72.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-99—പുരാവസ്തു ഗവേഷണം - പുരാവസ്തു ഗവേഷണ വകുപ്പ്

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

മ്യൂസിയം സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനമൂലം കുടിവെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചതും പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കിയതുമൂലമുള്ള വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2—വൈദ്യുതി ചെലവ്

ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമായ ഹിൽപാലസ് മ്യൂസിയത്തിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ചതിനാലും, പുതുതായി ആരംഭിച്ച മ്യൂസിയങ്ങളിലും നവീകരിച്ച മ്യൂസിയങ്ങളിലും പുതിയ തരത്തിലുള്ള ഡിസ്പ്ലേ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതു മൂലമുള്ള വർദ്ധിച്ച വൈദ്യുതി ചെലവ് ഒടുക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21 - 2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

മെയിന്റനൻസ് ചാർജ്ജ് കൂടിയതിനാലും ഫീൽഡ് സർവ്വേ, എക്സ്കവേഷൻ, പ്രവൃത്തികളുടെ മേൽനോട്ടം എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—<u>പി. ഒ. എൽ.</u>

ഇന്ധന ഉപഭോഗം വർദ്ധിക്കുന്നത് മൂലവും, ഫീൽഡ് സർവ്വേ, എക്സ്കവേഷൻ എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-85—<u>പൈതൃക പഠന കേന്ദ്രം</u>

കേരളത്തിലെ പൈതൃകത്തെ സംബന്ധിച്ച ലിഖിതങ്ങളുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, വിവിധ പൈതൃകങ്ങളുടെ പ്രാമാണീകരണവും പ്രദർശനങ്ങളും പ്രഭാഷണങ്ങളും, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഓഫീസ് ചെലവുകൾ, മാൻപാർക്ക്, മ്യൂസിയം ക്യാമ്പസ് എന്നിവയുടെ പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 55 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 7.14 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-104-99—<u>പുരാതന ഗ്രന്ഥശേഖരം - കേരള സ്റ്റേറ്റ് ആർക്കൈവ്സ്</u>

02-5—<u>വേതനം - ദിവസ വേതനം</u>

സംസ്ഥാന പുരാരേഖാ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് കൺസർവേഷൻ തസ്തികയിൽ ജോലി ചെയ്യുന്ന 2 ജീവനക്കാർക്കും, വൈക്കം സത്യാഗ്രഹ ഗാന്ധിസ്മാരക മ്യൂസിയം, താളിയോലരേഖാ മ്യൂസിയം, ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ, കാര്യവട്ടം എന്നീ ഓഫീസുകളിൽ അനുവദിച്ച 28 തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിലേക്കായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 59.22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—<u>പി. ഒ. എൽ.</u>

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ വാഹനങ്ങളുടെ ഇന്ധനച്ചെലവ് നേരിടുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-190-99—<u>കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

01—<u>മരാമത്തുപണികൾ</u>

ജെ.സി. ഡാനിയേലിന്റെ ശില്പ നിർമ്മാണം, ഔട്ട്ഡോർ ഉപകരണങ്ങൾ വാങ്ങൽ, ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമിന്റെ പുനരുജ്ജീവനം, ഇ-ടിക്കറ്റിംഗ്, ഉന്നത നിലവാരമുള്ള തീയേറ്ററുകളുടെ നിർമ്മാണം, മൂന്നാർ തിയേറ്ററിന്റെ ഡി.പി.ആർ. തയ്യാറാക്കൽ, മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-82—<u>സാംസ്കാരിക പൈതൃക ഗ്രാമം</u>

കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കുക, കേരളത്തിന്റെ പരമ്പരാഗത കലാപരമായ പൈതൃകം സംരക്ഷിക്കുകയും വരുംതലമുറയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കായിക യുവജനകാര്യ വകുപ്പ്

2204-00-103-98—<u>യൂത്ത് വെൽഫയർ ബോർഡ്</u>

31—<u>സഹായധനം- ശമ്പളം</u>

19 സ്ഥിരം ജീവനക്കാർ, 4 ഡെപ്യൂട്ടേഷൻ ജീവനക്കാർ, 37 കരാർ ജീവനക്കാർ, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 8 ജീവനക്കാർ എന്നിവരുടെ ശമ്പളം, 11-ാമത് പേ റിവിഷൻ അരിയർ, യാത്രാബത്ത എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3.3402 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-68—<u>കേരള സംസ്ഥാന യൂത്ത് കമ്മീഷൻ</u>

31—<u>സഹായധനം - ശമ്പളം</u>

ജീവനക്കാരുടെ ശമ്പളം, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, സറണ്ടർ, ജീവനക്കാരുടെ പേ റിവിഷൻ അരിയർ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

കമ്മീഷൻ ചെയർപേഴ്സൺ/സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുടെ വാടക, ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-97—<u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം</u>
31—<u>സഹായധനം - ശമ്പളം</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 7.1421 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിനും അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കാനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 11.1250 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും, 10-ാം ശമ്പള കമ്മീഷൻ പ്രകാരം പെൻഷൻകാർക്ക് 62 മാസത്തെ കുടിശ്ശിക എന്നിവ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-91—<u>ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)</u>

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-89—<u>സിവിൽ സർവ്വീസസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം</u>

കിറ്റ്, ഡയറ്റ് അലവൻസ്, ക്യാഷ് അവാർഡ് എന്നിവയുടെ തുക വർദ്ധിപ്പിച്ചതിനാലും സംസ്ഥാന മീറ്റിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുകയും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാവുന്ന ടീമംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-03-102-94—<u>സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ</u>

കളിസ്ഥലങ്ങൾ, നീന്തൽകുളങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മേജർ കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 14.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-03-102-83—<u>ഗ്രാമീണ കളിസ്ഥലം</u>

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം ഒരു കളിക്കളത്തിന് 50 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തേണ്ടതുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 58 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.25-ന് അവസാനിച്ചു.

## 10. 21-2-2023 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും <u>ബഹു.</u> പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി (ഗൂഗിൾ മീറ്റ്) അദ്ധ്യക്ഷത വഹിക്കുകയും, സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും <u>ബഹു.</u> ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു, പ്രത്യേക ക്ഷണിതാക്കളായ

ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ (ഗൂഗിൾ മീറ്റ്), ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി.വി. ഇബ്രാഹിം
3. ശ്രീ. മുഹമ്മദ് മുഹസിൻ
4. ശ്രീ. കെ.എം. സച്ചിൻദേവ്
5. ശ്രീ. എം. വിജിൻ.
6. ശ്രീ. ഷാഫി പറമ്പിൽ (ഗൂഗിൾമീറ്റ്).

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം രാവിലെ 11.30-ന് അവസാനിച്ചു.)